## സ്ത്രീ ശാക്തീകരണ വർഷം നോസർ-ഇന്ത്യ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ.

1) സ്ത്രീകളും പിൻതുടർച്ചാവകാശ നിയമവും
2) സ്ത്രീകളെ സംബന്ധിക്കുന്ന നിയമങ്ങൾ
3) മുലയൂട്ടലിന്റെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനും ശൈശവാഹാരങ്ങളുടെ ശരിയായ ഉപയോഗം തീർച്ചയാക്കുന്നതിനും വേണ്ടിയുള്ള നിയമം-1992.
4) എയ്ഡ്സ് കൗൺസിലിംഗ്
5) എയ്ഡ്സ്– പ്രതിരോധം– കുട്ടികൾക്കുള്ള പഠന പരിപാടി
6) മുലയൂട്ടൽ– അമ്മയുടെ കടമ കുഞ്ഞിന്റെ അവകാശം കൗൺസിലിംഗ്.
7) മുലയൂട്ടൽ– വിജയകരമായ പത്തു നിർദ്ദേശങ്ങൾ.
8) വികലാംഗരുടെ അവകാശങ്ങൾ, 1996.
9) കുട്ടികളുടെ അവകാശങ്ങൾ.
10) വിവാഹവുമായി ബന്ധപ്പെട്ട കുററങ്ങൾ
11) പരിസ്ഥിതിയും– പ്ലാസ്റ്റിക്കും.
12) തടവുകാരുടെ അവകാശങ്ങൾ
13) ഉപഭോക്തൃ സംരക്ഷണ നിയമം– സ്ത്രീശക്തി.
14) യുവതി യുവാക്കൾ അറിയേണ്ടും കാര്യങ്ങൾ
15) പഞ്ചായത്ത് രാജ് നിയമം– സ്ത്രീക്ക് അംഗീകാരം
16) അമ്മമാർ അറിയേണ്ടും കാര്യങ്ങൾ

**തുടങ്ങി 76 പുസ്തകങ്ങൾ**

# സ്ത്രീകളെ

# സംബന്ധിക്കുന്ന നിയമങ്ങൾ

★ ● ★


അഡ്വ. പി. വി. കൊച്ചുത്രേസ്യ

എറണാകുളം



ഒരു നോസർ-ഇന്ത്യ പായം–670704 [S 410/93]

പ്രസിദ്ധീകരണം

☎ 0490–491475, 491008

സ്ത്രീ ശാക്തീകരണ വർഷം പ്രമാണിച്ച്

പ്രസിദ്ധീകരിക്കുന്ന രണ്ടാം പുസ്തകം


വില പത്തു രൂപ

പ്രിയസഹോദരി സഹോദരൻമാരെ,

ഇന്ത്യാഗവർമ്മെണ്ട് 2001 വർഷത്തെ സ്ത്രീശാക്തീകരണ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്, നമ്മുടെ ഭരണഘടന സ്ത്രീക്കും, പുരുഷനും തുല്യ അവകാശം നൽകിയിരിക്കുന്നു, സ്ത്രീ കൂടുതൽ ചൂഷണത്തിന് ഇരയാകുന്നതുകൊണ്ട് നിയമപരമായി കൂടുതൽ സംരക്ഷയും സ്ത്രീക്ക് നല്കിയിട്ടുണ്ട്. എന്നാൽ നിയമങ്ങളെകുറിച്ച് അറിവില്ലാത്തതിനാൽ സ്ത്രീ എപ്പോഴും ചൂഷണത്തിനിരയാകുന്നു.

സ്ത്രീകൾ നിയമങ്ങളെകുറിച്ച് അറിഞ്ഞതുകൊണ്ടുമാത്രം കാര്യമില്ല. അറിഞ്ഞ നിയമങ്ങൾ പ്രാവർത്തികമാക്കാൻ സാധിക്കണം. ഇതിന് വേണ്ട അറിവും ശക്തിയും നല്കേണ്ടത് സന്നദ്ധസംഘടനകളാണ് സ്ത്രീകൾ തങ്ങളുടെ അവകാശങ്ങൾ നേടി എടുക്കുന്നത് പുരുഷൻമാർക്ക് എതിരായിട്ടല്ല. പുരുഷൻമാരെയും, സ്ത്രീകളെയും സമൂഹത്തിൽ നിന്നും വേർതിരിക്കുവാൻ സാധിക്കുകയില്ല, സ്ത്രീയും പുരുഷനും കൂടിയാൽമാത്രമെ സമൂഹം മുന്നോട്ടു നീങ്ങുകയുള്ളു ഈ യാഥാർത്ഥ്യം മനസ്സിലാക്കികൊണ്ട് സ്ത്രീകളുടെഅവകാശങ്ങൾ സംരക്ഷിക്കുവാൻ നമുക്ക് ഒന്നായിശ്രമിക്കാം

സ്ത്രീ ശാക്തീകരണ വർഷം പ്രമാണിച്ച് സ്ത്രീകൾക്കായി 16 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയാണ് നോസർ ഇന്ത്യയുടെ ഉദ്ദേശം. നിങ്ങളുടെ എല്ലാവരുടെയും സഹകരണം സ്നേഹപൂർവ്വം പ്രതീക്ഷിക്കുന്നു.

നോസർ–ഇന്ത്യയുടെ സ്ത്രീ ശാക്തീകരണപ്രവർത്തനങ്ങളിൽ സഹകരിക്കുവാനും, നോസർ സ്നേഹസാന്ദ്രം, വിവിധ നിയമ പഠനക്ലാസ്സുകൾക്കും നിങ്ങളുടെ സഹായം അഭ്യർത്ഥിക്കുന്നു.

നിങ്ങൾ കടമകൾ നിർവ്വഹിച്ച് അവകാശങ്ങൾ നഷ്ടപ്പെടുന്ന ഏതവസരത്തിലും ഞങ്ങൾ നിങ്ങളെ സഹായിക്കുവാൻ തയ്യാറാണ്.

നന്ദിയോടെ,

**എം. വി. മാത്യു**

അശോകഫെലോ, പ്രസിഡൻറ്

നോസർ-ഇന്ത്യ.

# സ്ത്രീകളെ സംബന്ധിക്കുന്ന നിയമങ്ങൾ:-

**ആമുഖം:—** വേദിക് കാലഘട്ടത്തിൽ പുരുഷനെപോലെ തന്നെ സ്ത്രീയും ജീവിതത്തിൻെറ എല്ലാ മേഖലകളിലും പങ്കുചേർന്നിരുന്നു. പുരുഷനൊപ്പം സ്ത്രീയും സാമാന്യം സമത്വവും സ്വാതന്ത്ര്യവും അനുഭവിച്ചിരുന്നു. ഗുരുകുലത്തിൽപോയി വേദം പഠിക്കുന്നതിനു പോലും അവർക്ക് സ്വാതന്ത്ര്യം ലഭിച്ചിരുന്നു. അക്കാലത്തുഉന്നതസമുദായത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ഉപനയനകർമ്മംവരെ അനുവദിച്ചിരുന്നു. മഹതികളായ ഗോസ, അപല, ലോപമുദ്രാവിശ്വര, ഗാർഗി, ആത്രേയി, ഇന്ദ്രാണി, യാമി മുതലായസ്ത്രീകൾ സാഹിത്യം, കല, സംഗീതം, യുദ്ധമുറ ഇവയിൽ സമർത്ഥകളായിരുന്നു. ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുന്നതിലും സമത്വം അനുഭവിച്ചിരുന്നു. പർദ ഉണ്ടായിരുന്നില്ല. ബഹുഭാര്യാത്വം വളരെ വിരളവും. ഒരു വിധവക്ക് പുനർവിവാഹം ചെയ്യുന്നതിനൊ നിയോഗവ്രതംനോക്കുന്നതിനൊ സാധിക്കുമായിരുന്നു. ഭൂമിയെയും ദേവതമാരെയും ആരാധിക്കുന്ന സമ്പ്രദായവും നിലനിന്നു. എങ്കിൽപോലും സ്ത്രീഅവകാശങ്ങളുടെ മേൽ ചില നിയന്ത്രണങ്ങളും ഇല്ലാതിരുന്നില്ല എന്നാൽഗൃഹസ്ഥ, സന്യാസ, വാനപ്രസ്ഥാശ്രമങ്ങളിൽ പുരുഷനൊപ്പം സ്ത്രീയും പങ്കാളികളായി കണക്കാക്കിയിരുന്നു

വേദിക്കും കാലയളവിനും ശേഷം ബി. സി. 1500 മുതൽ എ. സി. 500വരെയുള്ള കാലഘട്ടത്തിൽ കൂടുതൽ നിയന്ത്രണങ്ങൾ സ്ത്രീയുടെ അവകാശങ്ങൾക്ക് മേൽ വന്നുപതിക്കുകയും അവർ വീടിൻെറ അകത്തളങ്ങളിൽ കഴിയേണ്ടവരാണെന്ന രീതിയും നടപ്പിലായി. പെൺകുട്ടികളുടെ ഉപനയനാവകാശം നിഷേധിക്കപ്പെട്ടു. നിയമമുണ്ടാക്കുന്ന പുരുഷൻന്മാർ സംസാരത്തിലും ചെയ്തികളിലും സ്ത്രീയുടെ സ്വാതന്ത്ര്യത്തിന് തടയിട്ടു ബഹുഭാര്യാത്വം പ്രാബല്യത്തിൽ വന്നു. രാമായണ-മഹാഭാരത കാലഘട്ടങ്ങളിൽ സ്ത്രീയുടെ വിവാഹപ്രായം തീരെ കുറച്ച് എല്ലാതലങ്ങളിലും

അവർക്ക് നിഷേധം കൽപ്പിക്കപ്പെട്ടു. മകൻ കുടുംബത്തിന്റെ പ്രതീക്ഷയും പ്രതീകവുമായി കണക്കാക്കി. ചോദ്യം ചെയ്യാതെ പുരുഷനെ അനുസരിക്കുക എന്നതുമാത്രം സ്ത്രീയുടെ കടമയായിമാറി സ്ത്രീക്ക് യാതൊന്നും പ്രതിഷേധിക്കുന്നതിനുള്ള അവകാശമില്ല. സംരക്ഷണത്തിനായി പുരുഷനെ ആശ്രയിക്കാൻ സ്ത്രീകൾ നിർബന്ധിതരായി. പൗരോഹിത്യത്തോടൊന്നിച്ച് പുരുഷന്റെ അധികാരങ്ങൾ വർദ്ധിച്ചപ്പോൾ സ്ത്രീയുടെ മേലുള്ള കടിഞ്ഞാണും മുറുകി. ആൺകുട്ടികൾക്കും- പുരുഷൻമാർക്കുമുള്ള വിലയും നിലയും വർദ്ധിച്ചു.

ഹിന്ദുതത്വമനുസരിച്ച് സ്ത്രീ മാനിക്കപ്പെടേണ്ടവളാണ്. സ്ത്രീകൾ ആദരിക്കപ്പെടുന്നിടത്ത് എല്ലാ ദൈവങ്ങളും പ്രസാദിക്കുന്നു. എവിടെ അവർ അനാദരിക്കപ്പെടുന്നുവൊ അവിടെ നടത്തപ്പെടുന്ന യാതൊരു കർമ്മങ്ങളും ഫലത്തെ പ്രാപിക്കുന്നില്ല.

‘‘യത്ര നാര്യാസ്തു പൂജ്യന്തെ രമന്തെ തത്ര ദേവതാ:
യത്രൈതാസ്തു നപൂജ്യന്തെ സർവ്വാസ്തത്രഫലാഫ
ക്രിയ:’’ [മനു: III(56)].

അലക്സാണ്ടർ ചക്രവർത്തി ഇൻഡ്യ ആക്രമിച്ച മദ്ധ്യശതകത്തിൽ സ്ത്രീയുടെ അവസ്ഥ വളരെ തരംതാഴ്ത്തപ്പെടുകയും അവരുടെ സ്ഥാനം യുദ്ധതടവറകളിലാവുകയും ചെയ്തു. മുകൾ ആക്രമണത്തോടുകൂടി പൂർണ്ണ അധമാവസ്ഥയിലേക്ക് സ്ത്രീ തള്ളിയിടപ്പെട്ടു. ഇക്കാലയളവിൽ സ്ത്രീക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശംപോലും നഷ്ടമായി. ദൈവാരാധനപോലും പുരോഹിതൻമാരിൽ കൂടി മാത്രമെ സാദ്ധ്യമായിരുന്നുള്ളു.

ബ്രിട്ടീഷ് ഭരണത്തിന്റെ ആദ്യഘട്ടത്തിൽ പെൺകുഞ്ഞെയാൽകൊല്ലുക, വിധവമാരെ നിന്ദിക്കുക, ബഹുഭാര്യാത്വം, ദേവദാസി സമ്പ്രദായം എന്നീ ദുരാചാരങ്ങൾ വ്യാപകമായി എന്നാൽ വിദേശ വിദ്യാഭ്യാസസമ്പ്രദായവും, ഭരണവും, സംസ്കാരവും ഹിന്ദുസമുദായത്തിന്റെ ജീവിതശൈലിയെ മാററിമറിക്കാനിടയായി. ദാദാബായ് നവറോജി, സ്വാമി ദയാനന്ദ സരസ്വതി, ഈശ്വർ ചന്ദ്ര വിദ്യാസാഗർ, ലോകമാന്യ തിലക്, ഔരോബിന്ദ, മഹാത്മാ ഗാന്ധി മുതലായ മഹാ



ത്മാക്കൾ സ്ത്രീകളോടുള്ള അനീതിക്കെതിരെ ശബ്ദമുയർത്തി. കൂടാതെ ആനിബസന്റ്, സി:നിവേദിത, സരോജിനി നായിഡു, സുചേതാ കൃപാലിനി, ദുർഗ്ഗാബായ് ,ദേഷ്മുഖ് കസ്തൂർബാ ഗാന്ധി, വിജയലക്ഷ്മി പണ്ഡിക് മുതലായവരും സ്ത്രീകളെ ഉദ്ധരിക്കുക എന്ന സംരംഭത്തിൽ പങ്കുചേർന്നു. ഈ രംഗത്ത് ക്രിസ്ത്യൻ മിഷനറിമാരുടെ സേവനവും വലിയ സ്വാധീനം ചെലുത്തി. പെൺകുട്ടികൾക്കായുള്ള ആദ്യത്തെ സ്കൂൾ 1824-ൽബോംബെയിൽ സ്ഥാപിതമായി. 1844ൽ വിദ്യാസാഗർ കൽക്കട്ടയിൽ മറെറാരു സ്കൂളും സ്ഥാപിച്ചു.

ഒരുവശത്ത് ദേവിയായും പരിശുദ്ധയായും ആരാധിക്കപെടുന്ന സ്ത്രീ മറുവശത്ത് വിനാശത്തിന്റെയും പാപത്തിന്റെയും, കാമാതുരത്വത്തിന്റെയും പ്രതീകമായി കരുതപ്പെടുന്നു. ബ്രഹ്മം തന്നെ പകുതി സ്ത്രീയും പകുതി പുരുഷനും(പുരുഷ + പ്രകൃതി)കൂടിയതാണ് രണ്ടും കൂടി ചേരുമ്പോൾസൃഷ്ടി നടക്കുന്നു പുരുഷൻവിത്തും സ്ത്രീ ഭൂമിയും ആണ് അപ്രകാരം ഫലദൃഷ്ടിതയെയും വളർച്ചയെയും സ്ത്രീപ്രതിനിധീകരിക്കുന്നു. ശിവശക്തിതത്വം ഈ രണ്ടിന്റെയും സംയോജനമാണ്, പുരുഷനൊന്നിച്ച സ്ത്രീ ശക്തി എപ്പോഴും ക്രിയാത്മകവും ഗുണപ്രദായിനിയുമാണ് പുരുഷനെ വിട്ടുനിൽക്കുന്ന സ്ത്രീ ശക്തിയാണ് കാളി ഇതെല്ലായ്പ്പോഴും അപകടകാരിയും ദോഷപ്രദായിനിയുമായി കരുതുന്നു.

ഇസ്ലാം മതത്തിന് മുൻപ് അറേബ്യയിൽ സ്ത്രീകളുടെ സ്ഥാനം ഏററവും നിന്ദ്യവും ശോചനീയവുമായിരുന്നു. അവക്ക് യാതൊരു അവകാശങ്ങളും ഉണ്ടായിരുന്നില്ല. വിവാഹമെന്നത് വളരെ വിരളം വിവാഹിതർക്കും യാതൊരു അവകാശങ്ങളും ലഭ്യമായിരുന്നില്ല, ഒരു പുരുഷന് എത്ര സ്ത്രീകളെ വേണമെങ്കിലും ആകാമായിരുന്നു. ഖുറാൻ പുരുഷനെപ്പോലെ സ്ത്രീക്കും അവകാശങ്ങൾ ഉണ്ടെന്നും എന്നാൽ പുരുഷൻ ഒരുപടി മുന്നിലാണെന്നും പഠിപ്പിച്ചു. മുഹമ്മദ് നബി ഭാര്യമാരുടെ എണ്ണം 4 എന്ന് നിജപ്പെടുത്തി സ്ത്രീക്ക് അമ്മ, ഭാര്യ, മകൾ, സഹോദരി എന്ന നിലയിൽ സ്ഥാനം ലഭിച്ചു, എന്നാൽ പുരുഷന് എന്തുകാരണം പറഞ്ഞും സ്ത്രീയെ ഉപേക്ഷിക്കാനും, സ്ത്രീയുടെ അനുവാദമില്ലാതെ മററു വിവാഹം കഴിക്കാമെന്നുമുള്ള വ്യവസ്ഥിതി മൂലം സ്ത്രീയുടെ അവകാശങ്ങൾ പല വില

ക്കുകൾക്കുള്ളിൽ അടിച്ചമർത്തപ്പെട്ടു. ക്രിസ്ത്യൻ തത്വത്തിൽ സ്ത്രീയും പുരുഷനും തുല്യസ്ഥാനം നൽകുന്നു. യഹോവ പുരുഷന്റെ കൂട്ടുകാരിയും ഇണയുമായും ലോകത്തിൽ ജീവനുള്ളതിന്റെയെല്ലാം അമ്മയായും, സ്ത്രീക്ക് സ്ഥാനം നൽകി. സമൂഹത്തിൽ ഉയർന്ന സ്ഥാനമാണ് അവർക്കുണ്ടായിരുന്നത് എന്നാൽ പിൻകാലത്ത് പുരുഷ മേധാവിത്വ ക്രിസ്ത്യൻ സഭകൾ നിലവിൽവന്നപ്പോൾ മിഥ്യയായ പുരുഷ സംരക്ഷണത്തിന് കീഴിൽ സ്ത്രീ ജീവിക്കേണ്ടതായി വന്നു. ആ വ്യവസ്ഥിതിയുടെ ഉച്ചനീചത്വവും നിയമങ്ങളിലും ജീവിത ശൈലിയിലും പ്രകടമായി.

സിക്കുമതത്വം വളരെ വിപ്ലവാത്മകമായ മാററം ഈ രംഗത്തു വരുത്തുകയുണ്ടായി. ഗുരുനാനാക്ക് സ്ഥാപിച്ച 'സംഗത' 'പംഗത്'. ഇവയിൽ സ്ത്രീക്കും പങ്കാളിത്തം നൽകി. സതിസമ്പ്രദായം അപലപിച്ചു. പർദ്ദധാരണം നീക്കം ചെയ്തു. കൂട്ടത്തോടെ പെൺകുഞ്ഞുങ്ങളെ കൊലചെയ്യുന്നത് നിരോധിച്ചു. ഇരുകൂട്ടരും ഒന്നിച്ച് ജോലിചെയ്യാൻ തുടങ്ങി. സ്ത്രീകളെ അമ്മമാരായി ആദരിക്കാൻ നിഷ്കർഷിച്ചു. ഈ കാലയളവിൽ സ്ത്രീകളുടെ അവസ്ഥ കുറെ മെച്ചപ്പെട്ടു.

ജൈനമത സിദ്ധാന്തമനുസരിച്ച് ആത്മാവിന് സ്ത്രീ പുരുഷവ്യത്യാസമില്ല. പ്രകൃതിയുടെ അമ്മ എന്ന മഹത്തായ സ്ഥാനം അവർക്കാണ്. പുരുഷനെപോലെ സ്ത്രീയും വിദ്യാഭ്യാസത്തിന് അർഹയാണ് ജൈൻ സന്യാസിനിമാർ ധാരാളമുണ്ടായിരുന്നു. വിദ്യയിലും ആയുധവിദ്യയിലും നിപുണരായ സ്ത്രീകളും യോദ്ധാക്കളും ഇക്കാലത്തെ സംഭാവനയായിരുന്നു. രാഷ്ട്രീയത്തിലും ഇവർ മുൻപന്തിയിൽ തന്നെനിന്നിരുന്നു. എല്ലാ ജീവിതതുറകളിലും അവർ സാമർത്ഥ്യം തെളിയിച്ചു മനുഷ്യവർഗ്ഗത്തിന് തന്നെ മഹത്വം നേടിക്കൊടുത്തു. എന്നിരിക്കിലും സതി സമ്പ്രദായം പുരുഷമേധാവിത്വത്തിന്റെ പ്രതീകമായി ത്യാഗബോധത്തോടൊന്നിച്ച് നിലനിന്നു പോന്നു.

ബുദ്ധമത സന്ന്യാസിനിമാരുടെ ആവിർഭാവം സ്ത്രീകൾക്ക് ആത്മീകതക്കും നിർവ്വാണത്തിനും അവസരം നൽകി. അമ്മയെന്ന അവരുടെ സ്ഥാനം ശ്ലാഘനീയമായി കരുതി പോന്നു. എങ്കിലും പിതൃകർമ്മം ചെയ്യേണ്ടതിന് മകനെ പ്ര



സവിക്കേണ്ടവളായി ആണ് സമൂഹം പൊതുവിൽ സ്ത്രീയെ കരുതിയിരുന്നത്. ഇത് ഒരു ഭയമായി സ്ത്രീയിൽ വളർന്നു. സംഗമിത്രയെ പോലെ വിവേകം കൊണ്ടും പ്രാഗത്ഭ്യം കൊണ്ടും മററുള്ളവരെ ഭരിച്ച മഹതികൾ ഈ കാലയളവിലെ സംഭാവനയാണ്.

മേൽവിവരിച്ച അസമത്വങ്ങളും ദുരാചാരങ്ങളും നീക്കം ചെയ്യുന്നതിന് സ്വാതന്ത്ര്യഇൻഡ്യയിൽ പലനിയമങ്ങളും നടപ്പിലാക്കി. അവയിൽ ഏററവും പ്രധാനപ്പെട്ടവ ഇൻഡ്യൻ ഭരണഘടനയിൽ 3ാംഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന മൗലീകാവകാശങ്ങളാണ്. അനുഛേദം 14,- സ്ത്രീയും പുരുഷനും ഭരണഘടനയിൽ സമൻമാരാണെന്നും 15ൽ ഇവർക്കെതിരെ വിവേചനം പാടില്ലെന്നും നിഷ്കർഷിക്കുന്നു. 16ലും അവസര സമത്വം നിയമത്തിന്റെ മുമ്പിൽ തുല്യത ഇവയും ഉറപ്പുതരുന്നു. വിവേചനം പാടില്ല എന്ന് പറഞ്ഞിട്ട് വീണ്ടും സ്ത്രീകൾക്കായും അവശവിഭാഗത്തിനായും കുട്ടികൾക്കായും സംരക്ഷണങ്ങളും ആനുകൂല്യങ്ങളും സംവരണവും, പ്രത്യേകപരിഗണനയും നൽകുന്ന നിയമങ്ങൾ വിവേചനമായോ, അസമത്വമായോ കണക്കാക്കാൻ പാടില്ലെന്ന് എടുത്തുപറയുന്നുണ്ട്. ഇത് അവശതയനുഭവിക്കുന്ന സ്ത്രീകളെയും കുട്ടികളെയും ഉദ്ധരിക്കാനുള്ള ഇൻഡ്യയുടെ നിശ്ചയത്തെ കാണിക്കുന്നു. കൂടാതെ തുല്യജോലിക്ക് തുല്യവേതനം, കഠിനമായ ജോലി സ്ത്രീകൾക്കും കുട്ടികൾക്കും കൊടുക്കുന്നതുതടയൽ, 14വയസ്സുവരെ എല്ലാവർക്കും രാഷ്ട്രത്തിന്റെ ചിലവിൽ വിദ്യാഭ്യാസം, പ്രസവാവധിലഭ്യമാക്കൽ, അടിമപണിയും നിർബന്ധിതവേലയും എടുപ്പിക്കുന്നത് നിരോധിക്കൽ, സംവരണം, ആരോഗ്യപരിപാലനം, ദാരിദ്ര്യനിർമ്മാർജ്ജനം, ജീവിതാവശ്യങ്ങൾ ലഭ്യമാക്കൽ (വസ്ത്രം, പാർപ്പിടം, ഭക്ഷണം, ഔഷധം ഇവ) ഇതെല്ലാം (DIRECTIVE PRINCIPLES OF STATE POLICY) സംസ്ഥാന നയങ്ങളുടെ താത്വിക നിർദ്ദേശങ്ങൾ എന്ന ശീർഷകത്തിൽ ഭരണഘടനെ 4ാംഭാഗത്തുചേർത്തിരിക്കുന്നു. ഈ ലക്ഷ്യങ്ങൾക്ക് വേണ്ടി ആവശ്യമായ നിയമ നിർമ്മാണം നടത്തി അവ നടപ്പിലാക്കാൻ രാഷ്ട്രം ബാദ്ധ്യസ്ഥമാണ് അതുപോലെതന്നെ മൗലികാവകാശത്തെ നിഷേധിക്കുന്നതോ കുറക്കുന്നതോ, തടയുന്നതോ ആയ യാതൊരു നിയമനിർമ്മാണവും, പാടില്ല. ഇതെല്ലാം സ്ത്രീ അവകാശങ്ങളാണ് മനുഷ്യാവകാശങ്ങളാണ്. മൗലീകാവകാശലംഘനമുണ്ടാകുമ്പോൾ ഹൈക്കോടതിയിലോ, സുപ്രീംകോടതിയിലോ റിട്ട്

ഹർജിവഴിനിവൃത്തിനേടാം. സർക്കാരിനും സർക്കാർഅധികാരികൾക്കും എതിരെയാണ് റിട്ട് ഹർജി സാധിക്കൂ. മററ് പൗരാവകാശ നിഷേധത്തിനെതിരെ(civil rights) മററ് സിവിൽകോടതികളെ സമീപിക്കേണ്ടതാണ്.

## ഇന്ത്യൻ ശിക്ഷാനിയമം

നമ്മുടെ ഇന്ത്യൻ ശിക്ഷാ നിയമത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ ചെയ്യപ്പെടുന്ന കുററങ്ങൾ ശിക്ഷാർഹമാക്കിക്കൊണ്ട് സ്ത്രീക്ക് സംരക്ഷണം നൽകുന്നു. ബലാൽസംഘം, ലൈംഗിക കുററങ്ങൾ,തട്ടിക്കൊണ്ടുപോകൽ, വിവാഹിതയെ ലൈംഗികമായി ദുരുപയോഗംചെയ്യൽ, മാനഭംഗപ്പെടുത്തൽ, അശ്ലീലമക്ക് ഇരയാക്കൽ, അടിമത്വം, ഗർഭച്ഛിദ്രം, പ്രകൃതിവിരുദ്ധകുററങ്ങൾ ഒന്നിൽ കൂടുതൽ വിവാഹം കഴിക്കൽ എന്നിവ അവയിൽ ഉൾപ്പെടുന്നു. സ്ത്രീധനത്തിന്റെ പേരിലുള്ള ക്രൂരതയും കൊലപാതകവും ശിക്ഷാർഹമാക്കിയിട്ടുണ്ട് മറെറാരു കുററമാണ്. മാനനഷ്ടം വരുത്തുന്നത് ഇന്ത്യൻ ശിക്ഷാനിയമം 292 മുതൽ 294 വരെ വകുപ്പുകൾ സദാചാരത്തിനും സാൻമാർഗ്ഗികതയും എതിരെയുള്ള ക്രിമിനൽ കുററങ്ങളെപ്രതിപാദിക്കുന്നു. ഇതുപ്രകാരം കാമചിന്തയെ ഉദ്ദീപിപ്പിക്കുന്നതും കാമതാല്പര്യത്തെ വളർത്തുന്നതും അസാന്മാർഗ്ഗികതയിലേക്ക് നയിക്കുന്നതുമായ പുസ്തകങ്ങളൊ ലഘുലേഖയൊ, കടലാസൊ, എഴുത്തൊ, വരയൊ, ചായപ്പണിയൊ ആഗൃതൊ, ചിത്രമൊ, വിവരണമൊ, അശ്ശീലമായി കണക്കാക്കുകയും അവ വില്ക്കുന്നതും, വിതരണം ചെയ്യുന്നതും, പ്രദർശിപ്പിക്കുന്നതും, വാടക കൊടുക്കുന്നതും, കൈവശംവെക്കുന്നതും, ഇക്കാര്യങ്ങൾക്കായി ഇറക്കുമതി ചെയ്യുക, കയററി അയക്കുക, വ്യാപാരം നടത്തുക, പരസ്യം ചെയ്യുക ഇവയെല്ലാം ശിക്ഷാർഹമാക്കി 2കൊല്ലം തടവും 2000രൂപ പിഴയും നൽകി ശിക്ഷിക്കാവുന്നതും ടി കുററം ആവർത്തിച്ചാൽ 5കൊല്ലം തടവും 5000/ രൂപപിഴയുമാക്കി വർദ്ധിപ്പിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. ടി വസ്തുക്കൾ ചെറുപ്പക്കാർക്കുനല്കിയാൽ 3 കൊല്ലം തടവും 2000/ രൂപ പിഴയുമാണ് ശിക്ഷ ഈ കുററം ആവർത്തിച്ചാൽ 7 കൊല്ലം തടവും 5000/രൂപ പിഴയുമാണ്. ശിക്ഷ. അശ്ശീല സംസാരം, പാട്ട് ഇവ പാടുകയോ, ചെയ്യുകയൊ ചെയ്താൽ 3 മാസം വരെ തടവും പിഴയും നൽകാവുന്നതാണ് ഈ കുററങ്ങളുടെ ഇരകൾ സ്ത്രീകളുംപെൺകുട്ടികളുമാണ്. ഇവരെ വിവിധ മാധ്യമങ്ങൾ ചൂഷണം ചെയ്യുന്നതും



ഈ കുററങ്ങളിൽപ്പെടുന്നു. ഈ കുററകൃത്യത്തിന്റെ മറെറാരു രൂപമാണ് ബ്ലൂഫിലിം. നഗ്നത പ്രദർശിപ്പിച്ച് സമൂഹത്തെ പൂർനടത്തത്തിലേക്ക് തള്ളിയിടുന്നു. ഇതിന് നാം അനുവദിച്ചുകൂടാ.

ടി നിയമം 304ബി വകുപ്പ് പ്രകാരം ഒരു സ്ത്രീ വിവാഹം കഴിഞ്ഞ് 7 കൊല്ലത്തിനുള്ളിൽ തീപ്പൊള്ളലൊ ശാരീരിക പീഡനമൊ മറെറതെങ്കിലും തരത്തിലോ, അസ്വാഭാവികമായി സ്ത്രീ ധനത്തിന്റെ പേരിൽ മരണപെട്ടാൽ 7 കൊല്ലം മുതൽ ജീവപര്യന്തം വരെയുള്ള ശിക്ഷ നൽകാവുന്നതാണ് 498 (എ) വകുപ്പ്പ്രകാരം സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീയെ പീഡിപ്പിച്ചാൽ 3 കൊല്ലം തടവും പിഴയും നൽകാം. 359 മുതൽ 373 വരെയുള്ള വകുപ്പുകൾ സ്ത്രീകളെ തട്ടിക്കൊണ്ടുപോകുന്ന കുററകൃത്യങ്ങളെ പ്രതിപാദിക്കുന്നു. പ്രായമാകാത്ത പെൺകുട്ടികളെ തട്ടികൊണ്ടുപോയി യാചകവൃത്തിക്ക് ഉപയോഗിച്ചാൽ 10 കൊല്ലം തടവും പിഴയുമാണ് ശിക്ഷ അംഗവൈകല്യം വരുത്തിയാചകവൃത്തിക്ക് ഉപയോഗിക്കുന്നതിന് ജീവപര്യന്തം തടവും പിഴയും ശിക്ഷ തട്ടികൊണ്ടുപോയി തടങ്കലിൽ വച്ചാൽ 7 കൊല്ലം തടവും പിഴയും ശിക്ഷ തട്ടികൊണ്ടുപോയി ലൈംഗിക കുററങ്ങൾക്ക് ഉപയോഗിച്ചാൽ 10 കൊല്ലം തടവും പിഴയും ശിക്ഷ ഭയപ്പെടുത്തിയും അധികാരം ദുർവിനിയോഗം ചെയ്തും ലൈംഗിക കുററങ്ങൾക്ക് ഉപയോഗിച്ചാലും അപ്രകാരം ശിക്ഷിക്കപ്പെടും അത്തരം കുററക്കാരെ ഒളിപ്പിച്ചാലും അതേ ശിക്ഷതന്നെ. 10 വയസ്സിനു താഴെയുള്ള കുട്ടികളെ കളവുനടത്താൻ ഉപയോഗിക്കുന്നതിന് തട്ടികൊണ്ടുപോയാൽ 7 കൊല്ലം തടവും പിഴയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ലൈംഗികകുററത്തിന് ഉപയോഗിച്ചാൽ 10 കൊല്ലം തടവും പിഴയും ടി കുററങ്ങൾക്കായി അവരെ വാങ്ങിയാലും അതേ ശിക്ഷതന്നെ ലഭിക്കും.

ടി നിയമം 375 മുതൽ 377 വരെ വകുപ്പുകൾ വിവിധ ലൈംഗിക കുററങ്ങളെ വിവരിക്കുന്നു. ഒരു സ്ത്രീയുടെ ഇംഗിതത്തിനെതിരെ, അവരുടെ അനുമതിയില്ലാതെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയൊ, ഭർത്താവാണെന്ന് തെററിദ്ധരിപ്പിച്ചൊ, മദ്യപിപ്പിച്ച് ലക്കുകെടുത്തിയൊ, മാനസ്സികരോഗാവസ്ഥയിലൊ അനുമതിവാങ്ങിയും, 16വയസ്സിന് താഴെയുള്ള പെൺകുട്ടികളെ അനുമതിവാങ്ങിയൊ അല്ലാ

തയെയോ സംഗംചെയ്യുന്നത് ബലാൽസംഗമാണ്. 7കൊല്ലം മുതൽ ജീവപര്യന്തം തടവും പിഴയും ശിക്ഷലഭിക്കുന്നു. ഒരു പോലീസുദ്യോഗസ്ഥൻ തന്റെ അധികാരാതൃത്തിക്കുള്ളിൽ തന്റെ കീഴുദ്യോഗസ്ഥന്റെയോ കസ്റ്റഡിയിലുള്ള സ്ത്രീകളെയോ ബലാൽസംഗംചെയ്താലോ സർക്കാർഉദ്യോഗസ്ഥർ കീഴുള്ളവരെയൊ കസ്റ്റഡിയിലുള്ളവരെയോബലാൽ സംഗം ചെയ്താലൊ, ജയിലധികൃതരും അനാഥാലയങ്ങളുടെ ചുമതലയുള്ളവരും തന്റെ കീഴുള്ളവരെ ബലാൽ സംഗംചെയ്താലൊ, ആസ്പത്രി അധികൃതർ തന്റെകീഴുള്ളവരെ ബലാൽസംഗംചെയ്താലൊ, ഗർഭിണിയേയൊ, 12 വയസ്സിന് താഴെയുള്ള പെൺകുട്ടിയേയൊ ബലാൽസംഗം ചെയ്താലൊ, കൂട്ടബലാൽസംഗം ചെയ്താലും 10 കൊല്ലം മുതൽ ജീവപര്യന്തംവരെ തടവും പിഴയും ശിക്ഷയാകുന്നു. 377 വകുപ്പുപ്രകാരം പ്രകൃതി വിരുദ്ധങ്ങൾക്കും അതെ ശിക്ഷതന്നെ. 49 മുതൽ 496 വരെയുള്ള വകുപ്പുകൾ വൈവാഹിക കുറാകൃത്യങ്ങളെ വിവരിക്കുന്നു. നിയമപരമായ വിവാഹമെന്ന് വിശ്വസിപ്പിച്ച് നിയമസാധുതയുള്ള വിവാഹം നടത്താതെ വൈവാഹികബന്ധത്തിന് പ്രേരിപ്പിച്ചാൽ 10 കൊല്ലം തടവും പിഴയും ശിക്ഷ. വിവാഹകക്ഷികൾ ജീവിച്ചിരിക്കെ തെററിദ്ധരിപ്പിച്ച് 2-ാംവിവാഹത്തിന് പ്രേരിപ്പിച്ചാലും 7കൊല്ലം തടവും പിഴയും ശിക്ഷിക്കാം 497 പ്രകാരം മററൊരാളുടെ ഭാര്യയെ അയാളുടെ അനുവാദമില്ലാതെ ലൈംഗികവേഴ്ചക്ക് ഉപയോഗിച്ചാൽ 5കൊല്ലം തടവും പിഴയു അത്തരം ലൈംഗികബന്ധത്തിന് കൊണ്ടുപോയാൽ 2കൊല്ലം തടവും പിഴയുംശിക്ഷ ഗർഭഛിദ്രം പ്രത്യേകം വിവരിക്കുന്നുണ്ട്.

## ചിലവിനു കിട്ടുന്നതിനുള്ള നിയമം
### (ക്രി;ന.നി:125– 128 വകുപ്പുകൾ)

എല്ലാ സ്ത്രീകൾക്കും അവരുടെ വ്യക്തി നിയമങ്ങളനുസരിച്ച് ചിലവിന്കിട്ടുന്നതിന് വകുപ്പുകൾ ഉണ്ട്. കൂടാതെ സ്പെഷ്യൽ വിവാഹനിയമത്തിന്റെ പരിധിയിലും വിവാഹനിയമത്തിലും ഇന്ത്യൻവിവാഹമോചന നിയമത്തിന്റെ പരിധിയിലും ചലവിനും അവകാശം നൽകുന്നുണ്ടെങ്കിലും ഏററവും സ്വതന്ത്രമായും എളുപ്പമായും ഭാര്യക്കും ഭർത്താവിൽ നിന്നും അച്ഛക്ക് മക്കളിൽ നിന്നും പെൺകുട്ടി



കൾക്ക് പിതാവിൽനിന്നും ചിലവിന് കിട്ടുവാൻ ക്രിമിനൽ നടപടി നിയമം 125മുതൽ 128വരെ വകുപ്പുകൾ നിഷ്കർഷിക്കുന്നു, നിയമാനുസൃത ഭാര്യയെ ചിലവിനുകൊടുക്കാതെ ഭർത്താവ് കൈവിടുമ്പോൾ ഈ വകുപ്പുകൾ പ്രകാരം കുടുംബ കോടതികളിലൊ അവയില്ലാത്തിടത്ത് ജുഡീഷ്യൽ 1 മജിസ്ട്രേററ് കോടതിയിലോ ഹർജികൊടുത്ത് ചിലവിന് ഉത്തരവ വാങ്ങാവുന്നതാണ്. പ്രതിമാസം 500/-രൂപ വരെ ഈ വകുപ്പുപ്രകാരം ലഭിക്കാം എന്നാൽ ഭാര്യക്ക് ആദായമൊ ചിലവിന് മാർഗ്ഗമൊ ഉണ്ടായിരുന്നാൽകിട്ടുകയില്ല വിവാഹം നടന്ന സ്ഥലത്തൊ സ്ത്രീ താമസിക്കുന്ന സ്ഥലത്തൊ ഇരുകൂട്ടരും അവസാനം ഒരുമിച്ച് താമസിച്ചിരുന്ന സ്ഥലത്തൊ വ്യവഹാരപ്പെടാം ക്രൂരത മുതലായ ന്യായമായ കാരണങ്ങളാൽ അകന്നു കഴിയുമ്പോഴും വിവാഹമോചനം നേടിയാലും ഈഅവകാശം നശിക്കുന്നില്ല പെൺകുട്ടികൾക്ക് വിവാഹം കഴിച്ച് അയക്കുന്നത്വരെ പിതാവിൽനിന്നും മാതാക്കൾക്ക് പ്രായമായാൽ മക്കളിൽനിന്നും ചിലവിനുകിട്ടാൻ അർഹതയുണ്ട്. മുസ്ലീം സ്ത്രീകൾ വിവാഹമോചിതരായാൽ അവർക്ക് പ്രത്യേക സംരക്ഷണ നിയമമുണ്ട്.) (മുസ്ലിം വിമൻ പ്രൊട്ടക്ഷൻ ഓൺ ഡൈവേഴ്സ് ആക്ട് ഈ നിയമമനുസരിച്ച് നല്ലൊരുസംഖ്യ നഷ്ടപരിഹാരമായും, മഹർ, വരൻ കൈപ്പററിയ സ്വത്ത് മുതലായവ വകവച്ചും മററും കോടതികൾ ഉദാരമായിഅനുവദിക്കാറുണ്ട്. ഇതിന് 1 ജുഡീഷ്യൽ മജിസ്ട്രേററ് കോടതിക്കാണ് അധികാരം. ചിലവിന് ഉത്തരവ് കിട്ടിയാൽ ഒരു കൊല്ലത്തിനുള്ളിൽ വിധിനടത്തും ഹരജികൊടുത്തും വാറണ്ടയച്ചും മററും സംഖ്യഈടാക്കിയെടുക്കാം.

സ്ത്രീ പ്രതികളെ സംബന്ധിച്ച് ജാമ്യവ്യവസ്ഥകൾ ഉദാരമായി പരിഗണിക്കുന്നു സ്ത്രീ സാക്ഷികളെയോ കക്ഷിയെയൊ പോലീസ്സ്റ്റേഷനിൽ വിളിപ്പിക്കാൻ പാടില്ല. അവരുടെ വാസസ്ഥലത്തുവന്ന് മൊഴിയെടുത്ത് അന്വേഷിക്കേണ്ടതാണ്. സ്ത്രീകളുടെ ദേഹപരിശോധന സ്ത്രീകളെകൊണ്ടേ നടത്താവൂ. ഉദയത്തിന്ശേഷം അസ്തമയത്തിന്മുൻപ് - സ്ത്രീയുടെ സ്ഥലം പരിശോധിക്കേണ്ടി വന്നാൽ നോട്ടീസ് കൊടുത്തുമാത്രമെ ആകാവൂ.

സിവിൽ നടപടിക്രമം അനുസരിച്ച് സംഖ്യ ഈടാക്കാനുള്ള ഡിക്രി നടത്തുമ്പോൾ സ്ത്രീകളെ അറസ്ററ് ചെയ്യാനൊ ജയിലിൽ പാർപ്പിക്കാനോ പാടില്ല.

നിരോധന നിയമം:- സ്ത്രീ ക്രൂരതയെ നിർമ്മാർജനം ചെയ്യുന്നതിന് ഉദ്ദേശിച്ചു നമ്മുടെ പാർലിമെന്റ് ഉണ്ടാക്കിയിരിക്കുന്ന മറ്റൊരു നിയമമാണ് 'സതി' നിരോധന നിയമം. 1987ൽ നടപ്പിലായ the commission of sati (PREVENTION) Act സതി സമ്പ്രദായം വിലക്കുകയും ശിക്ഷാർഹമാക്കുകയും ചെയ്യുന്നു. ഈ നിയമത്തിന്റെ 3ാം വകുപ്പ് സതി നടത്തുന്നതിനു ശ്രമിച്ചാൽ 1 കൊല്ലം തടവും പിഴയും ശിക്ഷ നൽകുന്നു. 4-ാം വകുപ്പ് സതിക്ക് പ്രേരിപ്പിക്കുന്നവർക്ക് മരണശിക്ഷ അല്ലെങ്കിൽ ജീവപര്യന്തം തടവും പിഴയും ശിക്ഷ നൽകുന്നു. സതിചെയ്യാനുള്ള ശ്രമത്തിന്റെ പ്രേരകപ്രതികൾക്ക് ജീവപര്യന്തം തടവും പിഴയുമാണ് ശിക്ഷ. ഏതെങ്കിലും തരത്തിൽ ഒരു സ്ത്രീയെ 'സതി' ചെയ്യാൻ സ്വാധീനിക്കുന്നതും (എത്ര സ്വന്തം മനസ്സോടെയാണെങ്കിലും), ഭർത്താവിനൊ അവർക്കൊ കുടുംബത്തിനൊ ബന്ധുവിനൊ ആത്മീകനേട്ടം ഉണ്ടാകുമെന്ന് സ്ത്രീയെ പറഞ്ഞുവിശ്വസിപ്പിക്കുന്നതും, സതിചെയ്യുന്നതിനുള്ള സ്ത്രീയുടെ തീരുമാനത്തെ ഉറപ്പിച്ചുപ്രോൽസാഹിപ്പിക്കുന്നതും, അത്തരം ചടങ്ങുകളിൽ പങ്കുകൊള്ളുകയൊ, സഹായിക്കുകയൊ ചെയ്യുന്നതും, ഒരു സ്ഥലത്ത് ചടങ്ങുകളിൽ പങ്കാളിയായി ഹാജരാകുന്നതും, രക്ഷപ്പെടാനുള്ള സ്ത്രീയുടെ ശ്രമങ്ങളെ തടയുന്നതും ഇതിൽ ഇടപെടുന്ന പോലീസിനെ തടയുന്നതും പ്രേരക കുറ്റമാവുന്നു. 5-ാം വകുപ്പു പ്രകാരം 'സതി'യെ മഹത്വീകരിക്കുന്നതിനുള്ള പ്രവർത്തിക്ക് 1 കൊല്ലം മുതൽ 7 കൊല്ലം വരെ തടവും 5000/-രൂപ മുതൽ 30 000/-രൂപവരെ പിഴയും ശിക്ഷ നൽകുന്നു. ഈ കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനു പ്രത്യേക കോടതികളും പ്രത്യേക പബ്ലിക്ക് പ്രോസിക്യൂട്ടർമാരെയും അതാത് സംസ്ഥാന സർക്കാർ നിയമിക്കുന്നു. ഇത് കേരളത്തിൽ നിലവിലില്ലാത്ത സമ്പ്രദായമാകയാൽ നമ്മെ ബാധിക്കുന്നില്ല.

സതി എന്നാൽ ഒരു സ്ത്രീയെ ഭർത്താവിന്റെയോ, ബന്ധുവിന്റെയൊ, അവരുടെ ഏതെങ്കിലും വസ്തുവൊന്നിച്ചോ– അവരുടെ സ്വന്തം മനസ്സോടുകൂടിയോ അല്ലാതെയോ ജീവനോടെ കുഴിച്ചു മൂടുന്നതൊ ദഹിപ്പിക്കുന്നതൊ ആണ്.

## 1961 ലെ സ്ത്രീധന നിരോധന നിയമം

സ്ത്രീധനത്തിന്റെ പേരിൽ കൊലപാതകങ്ങളും ആത്മഹത്യകളും പെരുകിയിരിക്കുന്ന ഇക്കാലത്ത് സ്ത്രീധന നിരോധ



നനിയമത്തെപ്പറ്റി എവർക്കും അറിവുണ്ടായിരിക്കേണ്ടത് ആവശ്യമായിരിക്കുന്നു. ഏറ്റവുമധികം സകലരാലും ലംഘിക്കപ്പെടുന്ന ഒരു നിയമമുണ്ടെങ്കിൽ അത് സ്ത്രീധന നിരോധനനിയമമാണ്.

സ്ത്രീധനമെന്നതിന്റെ വാച്യാർത്ഥം സ്ത്രീയുടെ ധനമെന്നും സ്ത്രീ എന്ന ധനമെന്നും ആണെങ്കിലും ആ അർത്ഥത്തിലല്ല. ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. പുരാതനകാലത്ത് സ്വയംവരവിവാഹത്തിൽ സ്ത്രീധനം കൊടുക്കുകയോ വാങ്ങുകയൊ ചെയ്തിരുന്നില്ല. സ്വാത്വിക ഉദ്ദേശത്തിൽ ആരംഭിച്ചതാണ് സ്ത്രീധന സമ്പ്രദായം. വ്യക്തിനിയമമനുസരിച്ച് സ്വത്ത് കിട്ടാൻ അർഹതയില്ലാത്തവരെ സംബന്ധിച്ചും സ്വത്തിന് അവകാശമുള്ളവരാണെങ്കിൽ തന്നെയും ഒരു വിവാഹത്തോടനുബന്ധിച്ച ഒരു പുതിയ കുടുംബം രൂപം കൊള്ളുമ്പോൾ അതിന്റെ ചിലവിലേക്ക് പുരുഷനെ സഹായിക്കുന്നതിന് ഉദ്ദേശിച്ച സ്ത്രീയൊ സ്ത്രീയുടെ കുടുംബമൊ സ്വയമെ നൽകുന്ന സംഭാവനയായിരുന്നു 'ഡൊസു'(Dos) അല്ലെങ്കിൽ സ്ത്രീധനം. ഈ സ്വത്ത് പുരുഷന്റെയും മാത്രവും പുരുഷന്റെ സർവ്വാധികാരത്തിലുമായിരുന്നു. എന്നാൽ സ്ത്രീയുടെ മറ്റു സ്വത്തിൽ പുരുഷനു അവകാശം ഉണ്ടായിരുന്നില്ല. എന്നാൽ ഈ വ്യവസ്ഥിതി ദുഷിക്കാനിടവരികയും സ്ത്രീയെ സാമ്പത്തികമായും സാമൂഹ്യമായും ചൂഷണം ചെയ്യുന്നതിനും, അവളെ പീഡിപ്പിക്കുകയും നിന്ദിക്കുകയും ചെയ്യുന്നതിന് വഴിയൊരുക്കുകയും ചെയ്തു. നല്ലനിലയിലുള്ള ഒരു പുരുഷനെ ലഭിക്കുന്നതിന് കൂടുതൽ ധനം വാഗ്ദാനം ചെയ്യപ്പെട്ടു. ഇതൊരു വലിയ മത്സരവേദിയായി മാറി. ധനവാന്മാർ കൂടുതൽ കൊടുക്കാൻ തയ്യാറായിരുന്നു മറ്റു ചിലർ തങ്ങളുടെ സ്ത്രീധനത്തുക കുടുംബ ബാധ്യതകൾ തീർക്കുന്നതിനും പെൺകുട്ടികളെ വിവാഹം കഴിച്ചയക്കുന്നതിനും ഉള്ള ഉദ്യമമാക്കി 18–19 ശതകങ്ങളിൽ വധുവിന്റെ രക്ഷാകർത്താക്കൾ വരനിൽ നിന്ന് വലിയ ദ്രവ്യം വാങ്ങി പെൺകുട്ടികളെ വിൽക്കുന്ന സമ്പ്രദായം ബംഗാളിൽ നിലവിൽ നിന്നു. പ്രകാരം വിവാഹത്തിന്റെ പേരിൽ സ്ത്രീകൾ വില്പനചരക്കായി. പൊട്ടനും, രോഗിയും, ഭ്രാന്തനും, വൃദ്ധനുമായ വിവാഹയോഗ്യനല്ലാത്ത പുരുഷന് അയാളിൽ നിന്നൊ വീട്ടുകാരിൽ നിന്നൊ സ്വത്ത് വാങ്ങി മക്കളെ, മരുമക്കളെ, സഹോദരിമാരെ വില്ക്കാൻ മനുഷ്യന് മടിയില്ലാതായിമാറി. ഇപ്രകാരം വില്ക്കപ്പെടുന്ന സാധു സ്ത്രീയുടെ കഥ ഊഹിക്കാവുന്നതേയുള്ളൂ. കേരളത്തിൽ മുൻകാലത്ത് തിരു

വിതാംകൂർപ്രദേശത്ത് പെൺവീട്ടുകാർ വിവാഹത്തോടനുബന്ധിച്ച് കൊടുക്കുന്ന സ്വത്ത് വരന്റെ കുടുംബത്തിൽ ലയിച്ചിരുന്നു. ഇത് ചോദ്യം ചെയ്യാനോ അവകാശപ്പെടാനോ സ്ത്രീക്കോ വീട്ടുകാർക്കോ അവകാശമില്ലായിരുന്നു. മാന്യൻമാർ കുടുംബസ്വത്ത് ഭാഗിക്കുമ്പോൾ അത് കണക്കാക്കി കൂടുതൽ സ്വത്ത് അതാത് മകന്റെ വീതത്തിൽ വകവച്ചുകൊടുക്കുമായിരുന്നു എന്നുമാത്രം. സ്ത്രീധനസമ്പ്രദായത്തിന്റെ പേരിൽ സ്ത്രീ പീഢനവും യാതനയും കൊലപാതകവും ഏറിവന്നകാലഘട്ടത്തിൽ ഇത് നിവാരണം ചെയ്യുന്നതിന് വേണ്ടി 1961ലെ സ്ത്രീധന നിരോധന നിയമം നടപ്പിലാക്കി.

സ്ത്രീധനമെന്നാൽ:- വിവാഹത്തോടനുബന്ധിച്ച് വിവാഹ സമയത്തോ അതിന് മുൻപോ അതിനുശേഷമോ വിവാഹത്തിന് പ്രതിഫലമായി വിവാഹത്തിലെ ഒരുകക്ഷി മറ്റേ കക്ഷിക്ക് കൊടുക്കുന്നതോ, ഏതെങ്കിലും കക്ഷിയുടെ കുടുംബക്കാരോ മറ്റാരെങ്കിലുമോ വിവാഹത്തിലെ മറ്റേ കക്ഷിക്കോ മറ്റാർക്കെങ്കിലുമോ നൽകുന്ന സ്വത്തോ പണമോ, സ്വർണ്ണമോ മൂല്യമുള്ള എന്തെങ്കിലുമോ സ്ത്രീധനമാണ്. എന്നാൽ മുസ്ലിംകളുടെ മഹർ ഇതിൽ പെടുകയില്ല. വിവാഹസമ്മാനങ്ങൾ വിവാഹത്തിന് പ്രതിഫലമായല്ലെങ്കിൽ സ്ത്രീധനമല്ല. വിവാഹ ചിലവുകൾ ഭക്ഷണം, വാഹനസാധനങ്ങൾ, അലങ്കാരങ്ങൾ, പന്തൽ മുതലായവ സ്ത്രീധനത്തിൽ ഉൾപ്പെടുന്നു.

ഈ നിയമം 3-ാം വകുപ്പുപ്രകാരം സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും ശിക്ഷാർഹമാണ്. 5 കൊല്ലത്തിൽ കുറയാത്ത തടവും 15000/- രൂപയിൽ കുറയാത്ത തുകയോ സ്ത്രീധനത്തുകയോ ഏതാണ് കൂടുതൽ ആ സംഖ്യ പിഴയുമാണ് ശിക്ഷ. 4-ാം വകുപ്പു പ്രകാരം സ്ത്രീധനം ആവശ്യപ്പെടുന്നതിന് 2 കൊല്ലം വരെ തടവും 10000/- രൂപവരെ പിഴയുമാണ് ശിക്ഷ. മാദ്ധ്യമങ്ങൾവഴി സ്ത്രീധനം പരസ്യം ചെയ്യുന്നതിന് 6 മാസം മുതൽ 5 കൊല്ലം വരെ തടവും 15000-/രൂപ വരെ പിഴയും ശിക്ഷ. 5-ാം വകുപ്പ് പ്രകാരം സ്ത്രീധനം കിട്ടുന്നതിനോ കൊടുക്കുന്നതിനോ ഉള്ള കരാറുകൾ അസാധുവാണ്. 6-ാം വകുപ്പു പ്രകാരം സ്ത്രീധനമായി എന്തെങ്കിലും വാങ്ങിയിട്ടുണ്ടെങ്കിൽ അതു 3മാസത്തിനുള്ളിൽ സ്ത്രീയുടെ പേർക്ക് തന്നെ തിരികെ കൊടുക്കണം., അല്ലാത്തപക്ഷം 6മാസം മുതൽ 2കൊല്ലം വരെ തട



വും 5000/- രൂപ മുതൽ 10.000/-രൂപ വരെ പിഴയും ശിക്ഷ. അത് കിട്ടുന്നതിന് മുമ്പ് സ്ത്രീ മരിച്ചാൽ ടി സ്വത്ത് എല്ലാം-മക്കൾക്കോ സ്ത്രീയുടെ അവകാശികൾക്കോ മാതാപിതാക്കൾക്കോ, മാത്രമായി ലഭിക്കുന്നു. വിധവയുടെ സ്വത്തിൽ ഭർത്താവിനുള്ള വീതം കിട്ടുകയില്ല. 6'എ' വകുപ്പുപ്രകാരം സ്ത്രീധനം കിട്ടാത്തതിന്റെ പേരിലോ പോരാത്തതിന്റെ പേരിലോ വൈവാഹിക അവകാശങ്ങൾനിഷേധിച്ചാൽ ഒരുകൊല്ലം വരെ തടവും 2000/-രൂപവരെ പിഴയും ശിക്ഷ. ടി കുറ്റ വിചാരണത്തിൽ ഭർത്താവ് കോടതി മുമ്പാകെ സ്ത്രീധനം ചോദിച്ചില്ലെന്നും വൈവാഹിക അവകാശങ്ങൾ നിഷേധിക്കില്ലെന്നും ബോണ്ട്: എഴുതിക്കൊടുത്താൽവിചാരണ നിറുത്തി വയ്ക്കുന്നതും, എന്നാൽ വീണ്ടും ഭർത്താവും ടി ബോണ്ട് വ്യവസ്ഥകൾ ലംഘിച്ചാൽ ബോണ്ടിന് 3 വർഷത്തിനുള്ളിൽ ഭാര്യയ്ക്ക് പരാതി നൽകുന്നതുമാണ് ഈ വകുപ്പുപ്രകാരം ഈടാക്കുന്ന പിഴ നഷ്ടപരിഹാരമായി ഭാര്യക്ക് നൽകാവുന്നതാണ്. ഈ വകുപ്പുപ്രകാരം ഭർത്താവ് ശിക്ഷിക്കപ്പെട്ടാൽ ശിക്ഷയുടെ 2 മാസത്തിനുള്ളിൽ ഭാര്യക്ക് ഹർജികൊടുത്ത് അയാളിൽ നിന്നും പ്രതിമാസം 500/രൂപ വരെ ചിലവിന് വാങ്ങാനും അവകാശമുണ്ട്.

ഈ നിയമപ്രകാരമുള്ള കുറ്റ വിചാരണ 7-ാം വകുപ്പുപ്രകാരം I ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതിയാണ് നടത്തുക. പോലീസ് റിപ്പോർട്ടിന്മേലോ അല്ലാതെങ്കിലും നേരിട്ട് കോടതിക്ക് ഈ കുറ്റകൃത്യത്തെ പറ്റി അറിവു കിട്ടിയാലോ, സങ്കടക്കാരിയുടെയോ, ഏതെങ്കിലും അംഗീകൃത സംഘടനകളുടെ പരാതിയിൻമേലോ നടപടിയെടുക്കാം. ഈ കുറ്റകൃത്യത്തിന് തെളിവു ഭാരം പ്രതിക്കാണ്. സാധാരണ കുറ്റകൃത്യങ്ങൾക്ക് പ്രോസിക്യൂഷൻ അല്ലെങ്കിൽ പരാതിക്കാരനാണ് തെളിവ് ഭാരം, കാരണം കുറ്റം തെളിയിക്കപ്പെടുന്നതുവരെ പ്രതി നിരപരാധിയാണ് കരുതുക. ഈ കുറ്റത്തിന് നേരെ മറിച്ചാണ്. എന്നാൽ ഇത്തരം സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളും മറ്റ് പലകുറ്റകൃത്യങ്ങളും പോലെ തന്നെ പലപ്പോഴും ശിക്ഷിക്കപ്പെടാറില്ല ദുഃസ്വാധീനം ഉപയോഗിച്ചും ഭയപ്പെടുത്തിയും മറ്റും പരാതിക്കാരെയും സാക്ഷികളെയും പിന്തിരിപ്പിക്കുന്നത്. കുറ്റവാളികൾ രക്ഷപ്പെടുന്നതിന് കാരണമാകുന്നു. ഈ നിയമം നടപ്പാക്കുന്നതിനും സ്ത്രീധനം തടയുന്നതിനുംമറ്റുംസംസ്ഥാനസർക്കാർ പ്രത്യേകം ആഫീസർമാരെ നിയോഗിക്കുന്നു.

# ഗർഭഛിദ്രം.- നിയമാനുസൃതവും അല്ലാത്തതും:-

ഇൻഡ്യൻ ശിക്ഷാനിയമം 312 മുതൽ 316 വരെ വകുപ്പുകൾ അനുസരിച്ച് ഗർഭഛിദ്രം ശിക്ഷാർഹമാണ് തള്ളയുടെ ജീവൻ രക്ഷിക്കാനല്ലാതെ ഗർഭഛിദ്രം നടത്തിയാൽ 3 കൊല്ലം തടവും പിഴയും നൽകാം. വളർച്ചയെത്തിയ ഗർഭം അലസിപ്പിച്ചാൽ 7കൊല്ലം വരെ തടവും പിഴയും ആകാം. സ്ത്രീയുടെ അനുമതി കൂടാതെ ഗർഭഛിദ്രം നടത്തിയാൽ ജീവപര്യന്തം തടവുശിക്ഷ വരെ നൽകാം. ആരോഗ്യഹാനിയെ സംബന്ധിച്ച ഭയത്തിലൊ, തെററിദ്ധാരണയിലൊ, മാനസികാസുഖത്തിലൊ, ലഹരിയിലായിരിക്കുമ്പോഴൊ, സ്ത്രീ അനുമതി നൽകിയാൽ അനുമതിയായി കണക്കാക്കുകയില്ല 12 വയസ്സിൽ താഴെയുള്ള പെൺകുട്ടിയുടെ അനുമതിയും അനുമതിയല്ല. ഗർഭഛിദ്രസമയത്ത് സ്ത്രീമരണപ്പെട്ടാൽ അത് നടത്തിയ ആൾക്ക് 10 വർഷം വരെ തടവും പിഴയും വിധിക്കാം. ഗർഭഛിദ്രം സമ്മതത്തോട് കൂടിയല്ലെങ്കിൽ ജീവപര്യന്തം തടവു ശിക്ഷ വരെ നൽകാം.

അമ്മയുടെ ജീവൻ രക്ഷിക്കാനല്ലാതെ ഒരു കുഞ്ഞ് ജീവനോടെ പിറക്കുന്നത് തടയാനൊ അല്ലെങ്കിൽ ജനനത്തിന് ശേഷം ജീവൻ കളയാനൊ ഇടയാക്കുന്ന പ്രവൃത്തിക്ക് 10 കൊല്ലത്തെ തടവും പിഴയുമാണ് ശിക്ഷ. പൂർണ്ണഗർഭിണിയെ ആക്രമിച്ച് ഗർഭസ്ഥശിശുവിൻെറ മരണത്തിനിടയാക്കിയാലും അതേ ശിക്ഷതന്നെ. പ്രസവത്തിന് മുമ്പൊ, ശേഷമൊ പ്രസവസമയത്തൊ ശിശുവിൻെറ ജനനം മറച്ചുവക്കാൻ അത് നശിപ്പിക്കുന്നതിനും മറവുചെയ്യുന്നതിനും 2 കൊല്ലം തടവുംപിഴയുംശിക്ഷ.

എന്നാൽ 1971ലെ ഔഷധപ്രയോഗത്താലുള്ള ഗർഭഛിദ്ര നിയമം (medical termination of Pregnancy act) ടി കുററകൃത്യങ്ങളുടെ ശിക്ഷകൾക്ക് അയവുവരുത്തിയിട്ടുണ്ട്. ചിലസാഹചര്യത്തിൽ അത് നിയമാനുസൃതമാക്കിയിരിക്കുന്നു. അമ്മയുടെ ശാരീരികമൊ, മാനസ്സികമൊ ആയ ആരോഗ്യത്തിന് ഹാനികരമെന്ന് കണ്ടാൽ ഒരു ഡോക്



ടർ അപ്രകാരം ഉത്തമവിശ്വാസത്തോടെ റിപ്പോർട്ട് ചെയ്താൽ 12 ആഴ്ചവരെ പ്രായമായ ഗർഭം ഔഷധംമൂലം അംഗീകൃതസ്ഥലത്തൊ ആസ്പത്രികളിലൊ, സർക്കാർആസ്പത്രികളിലൊ വച്ച് നീക്കം ചെയ്യാം. ഗർഭിണി 18വയസ്സിന് താഴെയുള്ളവളൊ മാനസ്സിക രോഗിയൊ ഉന്മാദാവസ്ഥയിലൊ എങ്കിൽ രക്ഷാകർത്താവിൻെറ അനുമതിവേണം. ഗർഭിണിയുടെ ജീവനപായമൊ കുട്ടി ജനിച്ചാൽ അംഗവൈകല്യമുള്ളതാവുമെന്നൊ മാനസിക-ബുദ്ധിവികല്പം സംഭവിക്കുമെന്നൊ ഉത്തമബോദ്ധ്യപ്പെട്ടാലും ഛിദ്രം നടത്താം 12 മുതൽ 20 ആഴ്ചവരെ പ്രായമായ ഗർഭം ടി കാരണങ്ങളാൽ 2 ഡോക്ടർമാർ സർട്ടിഫൈ ചെയ്താൽ നശിപ്പിക്കാം. ബലാൽസംഗം മൂലം സംഭവിച്ച ഗർഭം മാനസ്സികാരോഗ്യത്തെ ക്ഷയിപ്പിക്കുമെന്ന് അനുമാനിക്കാം. ഇപ്രകാരം തന്നെ ഇഷ്ടമില്ലാത്ത ഗർഭം ഗർഭനിരോധന ഉപാധികളുടെ പരാജയം മൂലം ഉണ്ടായാലും ആരോഗ്യത്തെ ബാധിക്കുന്നതായി കണക്കാക്കുന്നു. ഗർഭിണിയുടെ ജീവൻ രക്ഷിക്കാൻ ഉടനടി ഗർഭം നശിപ്പിക്കേണ്ടതായി വരുന്ന അവശ്യ സന്ദർഭങ്ങളിൽ 20 ആഴ്ചയ്ക്കുശേഷമുള്ള ഗർഭവും, ഡോക്ടർമാരുടെ സർട്ടിഫിക്കററ് കൂടാതെയും ഗർഭഛിദ്രം നടത്താവുന്നതാണ് ഗർഭഛിദ്രം നടത്തുന്ന സ്ഥലത്ത് ആവശ്യമായ ശുചീകരണ അന്തരീക്ഷം ഉണ്ടായിരിക്കണം ആവശ്യമായ എല്ലാ ഓപ്പറേഷൻ ഉപകരണങ്ങൾ ഉണ്ടായിരിക്കുകയും വേണം. ഡോക്ടർമാരല്ലാതെ മററാർക്കും ഗർഭഛിദ്രം നടത്താൻ പാടില്ല. ഗർഭഛിദ്രം നടത്തുന്നതിനുള്ള ആസ്പത്രികൾക്കും ക്ലിനിക്കുകൾക്കും ജില്ലാ ചീഫ് മെഡിക്കൽ ഓഫീസറുടെ അനുമതിയുണ്ടായിരിക്കണം. ടി സ്ഥലത്തിൻെറ ശുചിത്വവും സുരക്ഷിതത്വവും പരിശോധിച്ച് ഉറപ്പു വന്നാലെ അനുമതി നൽകാവു. സ്ത്രീരോഗ വിജ്ഞാനത്തിലും പ്രസവ ചികിത്സയിലും പരിചയവും പഠനവും ഉള്ള ഡോക്ടർമാർക്കേ ഗർഭഛിദ്രം നടത്താവു. അയോഗ്യരായവർ ഗർഭഛിദ്രം നടത്തുന്നത കുററകരമാണ്. ഡോക്ടർ ഉത്തമവിശ്വാസ പൂർവ്വം നടത്തുന്ന ചികിത്സയൊ ശസ്ത്രക്രിയയൊ കൊണ്ട് ഗർഭിണിക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഡോക്ടർ ഉത്തരവാദിയല്ല എന്നാൽ കൃത്യ വിലോപമൊ ശ്രദ്ധകുറവൊ കാണിച്ചാൽ അയാൾക്കെതിരെ നടപടിയെടുക്കാം ടി ആസ്പത്രിക്കാരും കുററക്കാരാണ്. കുടുംബാസൂത്രണത്തിൻെറ ഭാഗമായി ഗർഭഛിദ്രം സർക്കാർ പ്രോത്സാഹിപ്പിക്കുന്നതി

നാലാണ് ഈ നിയമം നടപ്പിലാക്കിയത് ഇതു പ്രകാരം അശാസ്ത്രീയമായും ഔഷധപ്രയോഗം കൂടാതെ കിരാതമായും അംഗീകൃത സ്ഥലത്തല്ലാതെയും, നിയുക്ത ഡോക്ടർമാർ വഴിയല്ലാതെയും മേൽ വിവരിച്ച കാരണം കൂടാതെയും ഉള്ള ഗർഭഛിദ്രം മാത്രമേ ശിക്ഷാർഹമാകുന്നുള്ളൂ.

## 1956ലെ അസൻമാർഗ്ഗിക ക്രയവിക്രയ നിരോധന നിയമം

### The Immoral Travle (Prevention) Act.- 1956.

മറ്റൊരു സ്ത്രീ സംരക്ഷണ നിയമമാണിത്. അസന്മാർഗ്ഗിക വേഴ്ചക്ക് സ്ത്രീകളെയും മറ്റും ക്രയവിക്രയം ചെയ്യുന്നതും വ്യഭിചാരാലയം നടത്തുന്നതും മറ്റും ഈ നിയമത്തിൽ കുറ്റകരമാണ്. എന്നാൽ ഒരു സ്ത്രീ സ്വമേധയാ അസന്മാർഗികജീവിതം നയിച്ചാലോ ലൈംഗികവേഴ്ചനടത്തിയാലോ കുറ്റകരമാക്കിയിട്ടില്ല. വിപണനം മാത്രമേ കുറ്റകരമാക്കിയിട്ടുള്ളൂ. ഈ ആവശ്യത്തിന് വേണ്ടി മനുഷ്യരെ ലൈംഗികമായി ചൂഷണം ചെയ്യുന്നതും ദുരുപയോഗം ചെയ്യുന്നതും വ്യഭിചാരമാണ്. വ്യഭിചാരാലയം മറ്റുള്ളവർക്ക് വേണ്ടിയോ ഒന്നിൽ കൂടുതൽ വ്യഭിചാരിണികൾകൂടിയോ നടത്തി ലൈംഗിക ദുരുപയോഗം നടത്തുന്നത് കുറ്റകരമാണ്.

ഈ നിയമം 3-ാം വകുപ്പ് പ്രകാരം ആരെങ്കിലും വ്യഭിചാരാലയം നടത്തുകയോ നടത്തിക്കുകയോ, മാനേജരായിരിക്കുകയോ, നടത്തിപ്പിൽ സഹായിക്കുകയോ ചെയ്താൽ ആദ്യ കുറ്റത്തിന് 1 കൊല്ലം മുതൽ 3 കൊല്ലം വരെ കഠിനതടവും 2000/– രൂപ വരെയുള്ള പിഴയും ശിക്ഷ നൽകാം. ടി കുറ്റം വീണ്ടും ആവർത്തിച്ചാൽ 2 കൊല്ലം മുതൽ 5 കൊല്ലം വരെയും തടവും 2000/–രൂപ പിഴയും ശിക്ഷ.

ആരെങ്കിലും തന്റെ കൈവശത്തിലുള്ള സ്ഥലം വ്യഭിചാരാലയമായി ഉപയോഗിക്കുകയോ അതിലേക്ക് വിട്ടുകൊടുക്കുകയോ ചെയ്താലോ ഏതെങ്കിലും കെട്ടിട ഉടമസ്ഥനോ ഏജന്റോ അറിഞ്ഞു കൊണ്ട് ഒരു സ്ഥലം വ്യഭിചാരാല



യത്തിനായി അനുവദിക്കുകയോ വാടകക്ക് കൊടുക്കുകയോ ചെയ്താലും ആദ്യകുറ്റത്തിന് 2 കൊല്ലം വരെ തടവും 2000/– രൂപ വരെ പിഴയും ആവർത്തിച്ചാൽ 5കൊല്ലം വരെ കഠിനതടവും പിഴയും ശിക്ഷ കൊടുക്കാം ഈ നിയമ പ്രകാരം അന്വേഷണം നടത്തി ഏതെങ്കിലും സ്ഥലം വ്യഭിചാര സ്ഥലമാണെന്ന് ന്യൂസ്പേപ്പറിൽ റിപ്പോർട്ട് പരസ്യംചെയ്താൽ ടി കെട്ടിട ഉടമസ്ഥന്റെയോ, കൈവശക്കാരന്റെയോ അറിവോടുകൂടിയാണ് അത് നടത്തുന്നത് എന്നു അനുമാനിക്കുന്ന-ശിക്ഷിക്കപ്പെട്ടാൽ അത്തരം വാടക ഏർപ്പാടുകൾ അക്കാരണത്താൽ തന്നെ റദ്ദായി പോകുന്നു. 4-ാം വകുപ്പു പ്രകാരം 18 വയസ്സിന് മീതെ പ്രായമുള്ള ആരെങ്കിലും അറിഞ്ഞുകൊണ്ട് മറ്റൊരാളുടെ വ്യഭിചാര ആദായം കൊണ്ട് ജീവിച്ചാൽ 2 കൊല്ലം വരെ തടവും 1000/-രൂപവരെ പിഴയും ശിക്ഷ അത്തരം, ആദായം കുട്ടികളെയോ പ്രായപൂർത്തിയാകാത്തവരെയോ ഉപയോഗിച്ചാണെങ്കിൽ 7 കൊല്ലം മുതൽ 10കൊല്ലം വരെ തടവും ശിക്ഷകൊടുക്കാം. വ്യഭിചാരിയുടെ സഹായിയായോ വ്യഭിചാരിയുടെ കൂട്ടത്തിൽ നടക്കുകയോ, ജീവിക്കുകയോ, വ്യഭിചാരിയെ സ്വന്തം നിയന്ത്രണത്തിലും സ്വാധീനത്തിലും കൊണ്ട്നടന്ന് വ്യഭിചാരം ചെയ്യാൻ മറ്റൊരാളെ സഹായിക്കുകയോ നിർബന്ധിക്കുകയോ ചെയ്യുന്നവർ അറിഞ്ഞുകൊണ്ട് മറ്റൊരാളുടെ വ്യഭിചാരവൃത്തികൊണ്ട് ജീവിക്കുന്ന ആളാണെന്ന് അനുമാനിക്കുന്നു.

5-ാം വകുപ്പുപ്രകാരം അനുമതിയോട് കൂടിയോ അല്ലാതെയോ ഒരാളെ വ്യഭിചാരവൃത്തിക്ക് ലക്ഷ്യമാക്കിയാലോ വ്യഭിചാരാലയത്തിൽ പങ്കാളിയാകാൻ സ്വാധീനിച്ചാലോ, ഇക്കാര്യത്തിന് ഒരാളെ ഒരു സ്ഥലത്ത്നിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോയാലോ, വ്യഭിചാരം നടത്തുന്നതിന് ഒരാളെ പ്രേരിപ്പിച്ചാലോ 3 കൊല്ലം മുതൽ 7കൊല്ലം വരെ കഠിനതടവും 2000/-രൂപ വരെ പിഴയും ശിക്ഷ. അത്തരം പങ്കാളിയുടെ അനുമതിയില്ലാതെ ടി കുറ്റം ചെയ്താൽ 14 കൊല്ലം വരെ തടവും ശിക്ഷ നൽകാം. ഒരു കുട്ടിയെ ടി കുറ്റത്തിന് വിധേയയാക്കിയാൽ 7 കൊല്ലം മുതൽ ആജീവനാന്തംവരെ കഠിനതടവും. പ്രായപൂർത്തിയാകാത്ത ഒരാളെ വിധേയയാക്കിയാൽ 7കൊല്ലം മുതൽ 14 കൊല്ലം വരെ കഠിനതടവുമാണ് ശിക്ഷ. 6-ാം വകുപ്പുപ്രകാരം ഒരാളെ വ്യഭിചാര സ്ഥലത്ത് ലൈംഗിക വേഴ്ചക്കു

പ്രയോഗിക്കാൻ തടഞ്ഞുവച്ചാൽ 7കൊല്ലം മുതൽ ആജീവനാന്തംവരെ തടവ് ശിക്ഷയാകുന്നു. മതിയായകാരണങ്ങളാൽ 7കൊല്ലത്തിലും കുറഞ്ഞ ശിക്ഷയും നൽകാം.

ഒരു വ്യഭിചാരാലയത്തിൽ ഒരു കുട്ടികൂടെയുള്ളതായി കാണപ്പെടുന്നയാൾ ഈ വകുപ്പുപ്രകാരം കുററക്കാരിയായി കണക്കാക്കുന്നു. (മറിച്ചുതെളിയിക്കാത്ത പക്ഷം) പരിശോധനയിൽ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെട്ട ഒരുകുട്ടിയെയോ പ്രായപൂർത്തിയാകാത്ത ആളെയോ കണ്ടാൽ വ്യഭിചാരത്തിനായി തടങ്കലിൽ വച്ചതായി അനുമാനിക്കുന്നു. ഭർത്താവില്ലാത്ത ഒരുവ്യക്തി ഒരുസ്ത്രീയിൽനിന്നും പെൺകുട്ടിയിൽനിന്നും അവളുടെ. വസ്ത്രങ്ങളോ ആഭരണങ്ങളോ, പണമോ മററ് അതുപോലുള്ള അവളുടെ സാധനങ്ങളോ പിടിച്ചുവച്ചിരിക്കുകയോ അത്തരം സാധനങ്ങൾ അവൾകൊണ്ടുപോവുകയാണെങ്കിൽ അവൾക്കെതിരെ നിയമനടപടികൾ എടുക്കുമെന്ന് ഭയപ്പെടുത്തുകയും ചെയ്താൽ ഈ കുററങ്ങൾക്കായി അവളെ തടഞ്ഞുവച്ചിരിക്കുന്നതായി കണക്കാക്കുന്നു. അത്തരം സ്ത്രീകൾക്ക നൽകുന്നതായിപറയുന്ന സ്വർണ്ണമൊ മററു മൂല്യമുള്ള സാധനങ്ങളോപണമൊ തിരിച്ചുകിട്ടുന്നതിന് കോടതികളിൽ കേസൊ മററ് നിയമനടപടികളൊ പാടില്ല. 7ാംവകുപ്പ് അനുസരിച്ച് ഈ നിയമപ്രകാരം പരസ്യപ്പെടുത്തിയ പൊതുസ്ഥലങ്ങളിലോ ആരാധനാലയം വിദ്യാഭ്യാസ്ഥാപനം,, ആസ്പത്രി, ഹോസ്റ്റൽ, നേഴ്സിംഗ് ഹോം മററ് അതുപോലെ പോലീസ്കമ്മീഷണറൊ, മജിസ്ട്രേററാ പരസ്യം ചെയ്ത സ്ഥാപനങ്ങളുടെ 200മീററിനുള്ളിൽ ആരെങ്കിലും വ്യഭിചാരശാല നടത്തിയാൽ 3 മാസംവരെ തടങ്കൽ ശിക്ഷ നൽകാം.

ടി കുററം ഒരു കുട്ടിയെയൊ മൈനർ വ്യക്തിയെയൊ സംബന്ധിച്ചു ചെയ്താൽ 7കൊല്ലം മുതൽ 10കൊല്ലംവരെ തടവും പിഴയും ശിക്ഷ. ഏതെങ്കിലും ഒരു കെട്ടിട ഉടമസ്ഥനൊ കൈവശക്കാരനൊ ഏജൻറാ അവിടെ വ്യഭിചാരം അനുവദിച്ചാൽ ആദ്യകുററത്തിന് മൂന്നു മാസം വരെ തടവും 200/-രൂപ വരെ പിഴയും ശിക്ഷ. ആവർത്തിച്ചാൽ 6മാസം വരെ തടവും 200/-രൂപ വരെ പിഴയും ശിക്ഷ. ടികുററകൃത്യഫലം ഹോട്ടലാണെങ്കിൽ മൂന്നു മാസം മുതൽ ഒരുകൊല്ലംവരെ ലൈസൻസ് സസ്പെൻറ് ചെയ്യാം. ടികുററകൃത്യം ഒരു കുട്ടിയെയൊ മൈനർപെൺകുട്ടിയെയോ സംബന്ധിച്ചാണെങ്കിൽ ടി ലൈസൻസ് ക്യാൻസൽ ചെയ്യാം. 8ാംവകുപ്പ്പ്ര



കാരം ആരെങ്കിലും ആരെയെങ്കിലും വ്യഭിചാരത്തിന് പ്രേരിപ്പിച്ച് വശത്താക്കിയാൽ 6മാസം വരെ തടവും 500/-രൂപവരെ പിഴയും ശിക്ഷ. വീണ്ടും ആവർത്തിച്ചാൽ 1കൊല്ലംവരെ തടവും 500/-രൂപവരെ പിഴയും, ഏതെങ്കിലും അധികാരി തൻെറ കസ്ററഡിയിലുള്ളവരെ വ്യഭിചാരത്തിന് പ്രേരിപ്പിക്കുകയോ ഉപയോഗിക്കുകയൊ ചെയ്താൽ 8ാം വകുപ്പുപ്രകാരം 7കൊല്ലം മുതൽ 10 വർഷം വരെയോ ജീവപര്യന്തംവരെ തടവും പിഴയും ശിക്ഷ.

10–ാം വകുപ്പുപ്രകാരം സ്ത്രീ കുററവാളികളെ അവരുടെ സ്വഭാവം മാനസികനില ആരോഗ്യം എന്നീ കാരണങ്ങളാൽ അവരെ സ്വഭാവ സംസ്കരണ സ്ഥാപനങ്ങളിൽ[Connective Institution] ആക്കേണ്ടിവരുമ്പോൾ തടവു ശിക്ഷയോടൊപ്പം അത്തരം സ്ഥാപനങ്ങളിൽ2കൊല്ലംമുതൽ5കൊല്ലംവരെ ആക്കാവുന്നതുമാണ്. അപ്രകാരം താമസിപ്പിച്ച് 6മാസം കഴിഞ്ഞ് കോടതിക്ക് ബോദ്ധ്യംവന്നാൽ സ്വഭാവം നന്നായാൽ അവിടെ നിന്നും വിട്ടയക്കാം. 11ാം വകുപ്പുപ്രകാരം ടി കുററകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരുടെ പേരുവിവരം 5കൊല്ലംവരെ പ്രസിദ്ധം ചെയ്യേണ്ടതാണ്. 13ാംവകുപ്പ്പ്രകാരം ഈ കുററകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും മററുമായി സബ്–ഇൻസ്പെക്ടറുടെ തസ്തികയിൽ കുറയാത്ത സ്പെഷ്യൽ പോലീസു ഉദ്യോഗസ്ഥരെ സർക്കാരിന് നിയമിക്കാം. ജില്ലാമജിസ്ട്രേററിംഗ് റിട്ടയേർഡ്പോലീസ് ഉദ്യോഗസ്ഥരെയും ആവശ്യമെന്ന് കണ്ടാൽ നിയമിക്കാവുന്നതാണ്. 14–ാംവകുപ്പ് പ്രകാരം ഈ കുററകൃത്യങ്ങൾക്ക് കോർട്ട്ഉത്തരവില്ലാതെ പോലീസിന് നേരിട്ട് അന്വേഷണം ചെയ്തു. പ്രതിയെ അറസ്ററു ചെയ്തു നടപടിയെടുക്കാം. 16–ാം വകുപ്പ് പ്രകാരം വ്യഭിചാരശാലയിലുള്ള കുററവാളികളെ നീക്കംചെയ്യുന്നതിന് മജിസ്ട്രേററിന് ഉത്തരവിടാം. 17–ാം വകുപ്പനുസരിച്ച് അത്തരം ആളുകളെ താല്കാലിക സുരക്ഷിത കസ്ററഡിയിൽ സൂക്ഷിക്കാം. അവരെ രക്ഷാകർത്താക്കൾക്ക് വിട്ടുകൊടുക്കാവുന്നതുമാണ്.

18–ാം വകുപ്പുപ്രകാരം ഒരു മജിസ്ട്രേറററിന് നിഷിദ്ധമായ വ്യഭിചാരാലയങ്ങൾ ഉത്തരവുമൂലം അടച്ചുപൂട്ടാം. 19ാം വകുപ്പുപ്രകാരം വ്യഭിചാരവൃത്തിക്കാരെ കോടതിയുടെ സംരക്ഷണയിൽ സംരക്ഷണാലയത്തിൽ സങ്കടക്കാരുടെ അപേക്ഷയിന്മേൽ പാർപ്പിക്കാവുന്നതാണ്. ഏതു സ്ഥലത്ത്കാണുന്ന വ്യഭിചാരികളെയും വ്യഭിചാരാലയത്തിൽ നിന്നും നീ

കം ചെയ്യും. 22-ാം വകുപ്പുപ്രകാരം മെട്രോപൊളിയൻ മജിസ്ട്രേറ്റോ, 1 ജുഡീഷ്യൽ മജിസ്ട്രേറ്റിനൊതാഴെയുള്ള ഒരു കോടതിക്കും ഇത്തരം കുററം വിചാരണ ചെയ്യാൻ പാടില്ല. ഇത്തരം കോടതികളെ ഹൈക്കോടതിയുമായി ആലോചിച്ചു സ്പെഷ്യൽ കോടതികളായി സംസ്ഥാന സർക്കാർ ഓരോ ജില്ലയിലും നിയമിക്കുന്നു. കേന്ദ്ര സർക്കാരിനും ആവശ്യമായ പക്ഷം അതാത് ഹൈക്കോടതിയുമായി ആലോചിച്ച് ഒന്നോ കൂടുതലോ ഇത്തരം കോടതികൾ സ്ഥാപിക്കാം. 1 കൊല്ലത്തിൽ കൂടാത്ത തടവുശിക്ഷ കൊടുക്കാവുന്ന കേസുകളിൽ(SummaryTrial) അടിയന്തര ലളിതവിചാരണ മതിയാവുന്നതാണ്.

## PRE-NATAL DIAGNOSTIC TECHNIQUES REGULATION PREVENTION OF MISVSE ACT 1994

## ഗർഭ പരിശോധനാ സാങ്കേതിക വിദ്യ ദുരുപയോഗം ചെയ്യൽ നിരോധനനിയമം:-

ഗർഭത്തിൽ തന്നെ പെൺ പ്രജയെ കണ്ടുപിടിച്ച് നശിപ്പിക്കുന്ന സമൂഹത്തിലെ ദുഷിച്ച പ്രവണത തടയുന്നതിനം ഉദ്ദേശിച്ചാണ് ഈ നിയമം പാസ്സാക്കിയത്. ഈ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യാത്ത ഗർഭ കൗൺസലിംഗ് കേന്ദ്രങ്ങളും ലാബുകളും ക്ലിനിക്കുകളും ഗർഭപരിശോധന നടത്താൻ പാടില്ല. നിശ്ചിത യോഗ്യതയില്ലാത്ത വരെ ഇത്തരം കാര്യങ്ങൾക്ക് നിയോഗിക്കാന പാടില്ല രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥലങ്ങളിൽ വച്ചു ഇത്തരം ടെസ്റ്റുകളോ ചികിത്സയൊ പാടില്ല. 4-ാംവകുപ്പുപ്രകാരം ഗർഭപരിശോധന, സാങ്കേതികവിദ്യ ഗർഭ വാഹിനി കോശങ്ങളുടെ കുഴപ്പം, ഗർഭ പോഷണ കുറവ് മൂലമുള്ള രോഗങ്ങൾ, ഹോമോഗ്ലോബിൻെറ കുറവു മൂലമുള്ള ദോഷങ്ങൾ ലിംഗം കൂടിച്ചേർന്നുള്ള ഗർഭരോഗങ്ങൾ, കുട്ടി ജനിക്കുമ്പോൾ ഉണ്ടാകുന്ന രോഗങ്ങൾ മററു പോലുള്ള കുഴപ്പങ്ങൾ കണ്ടുപിടിക്കാൻ മാത്രമെ ഗർഭപരിശോധനാ സാങ്കേതികവിദ്യ ഉപയോഗിക്കാവൂ. യോഗ്യതയുള്ള ഡോക്ടർമാർ താഴെപറയുന്ന ഏതെങ്കിലും സാഹചര്യത്തിൽ ഈ വിദ്യ പ്രയോഗിക്കാം:- 1)ഗർഭിണിയുടെ വയസ്സ് 35ൽ കവിയുകയോ. ഗർഭിണിക്ക് 2 ഓ കൂടുതലൊ സ്വാഭാവിക ഗർഭം അലസൽ ഉണ്ടാവുകയോ,



ഗർഭിണി മയക്കു ദ്രവ്യങ്ങൾക്കൊ, റേഡിയോ, ഫാനൊ അണുബാധക്കൊ രാസവസ്തുക്കൾക്കൊ, വിധേയമായാലെ ഈ വിദ്യപ്രയോഗിച്ച് ന്യൂനത കണ്ടെത്താം.

മാനസ്സിക രോഗമുള്ള കുട്ടി ജനിക്കാനിടയുള്ളപ്പോഴും ഈ പരിശോധന നടത്താം. മേൽ വിവരിച്ച ആവശ്യ സന്ദർഭങ്ങളിലല്ലാതെ ഗർഭിണിയുടെ ബന്ധുവൊ ഭർത്താവൊ ആരും ഈ സാങ്കേതിക പരിശോധനക്ക് ഗർഭിണിയെ വിധേയയാക്കാൻ പാടില്ല. 5-ാം വകുപ്പ് പ്രകാരം ഗർഭിണിയുടെ അനുമതിയില്ലാതെ ഇത്തരം പ്രവൃത്തികൾ ചെയ്യാൻ പാടില്ലാത്ത ഈ ഗർഭപരിശോധനയിൽ പ്രജയുടെ ലിംഗ വിവരം നൽകാൻ പാടില്ലാത്തതുമാണ്. 6-ാം വകുപ്പ് പ്രകാരം യാതൊരുവിധത്തിലും ലിംഗനിർണ്ണയത്തിന് വേണ്ടി ഗർഭപരിശോധന നടത്താൻ പാടില്ല ഈ നിയമപ്രകാരം പ്രവർത്തിക്കുന്നതിന് കേന്ദ്രസർക്കാരിനും ഒരു കേന്ദ്ര മേൽനോട്ട ബോർഡ്. 7-ാം വകുപ്പ് പ്രകാരം സ്ഥാപിക്കാം. ഇതിൽ കേന്ദ്ര കുടുംബ ക്ഷേമ മന്ത്രി ചെയർമാനും,കുടുംബ ക്ഷേമ വകുപ്പു സെക്രട്ടറിയും, സ്ത്രീ-ശിശുക്ഷേമവകുപ്പിൽ നിന്നും നിതി നിയമ മേഖലയിൽ നിന്നുംകേന്ദ്ര സർക്കാർ നിയമിക്കുന്ന 5 പേരും,കേന്ദ്ര സർക്കാർ ആരോഗ്യവകുപ്പിലെ ഡയറക്ടർ ജനറലും, 2പേർ വീതം കേന്ദ്ര സർക്കാർ-ഗർഭ ചികിത്സാപ്രഗത്ഭർ പ്രസവ ചികിത്സകർ, ശിശുചികിത്സകർ, സാമൂഹ്യശാസ്ത്രജ്ഞർ, സ്ത്രീ ക്ഷേമ സംഘടനകളിലെ പ്രതിനിധികൾ ഇവരിൽ നിന്നും നിയമിക്കുന്ന 10പേരും, രാജ്യസഭയിൽ നിന്ന് ഒന്നും ലോകസഭയിൽ നിന്നും 2-ഉം തെരഞ്ഞെടുക്കപ്പെട്ട സ്ത്രീകളും,കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളിൽ നിന്നും നിയമിക്കുന്ന 4അംഗങ്ങളും ഉൾപ്പെടുന്ന ബോർഡിന് ഒരു മെമ്പർ-സെക്രട്ടറിയും ഉണ്ടായിരിക്കും.

16-ാം വകുപ്പുപ്രകാരം ഈ ബോർഡ് ഗർഭപരിശോധന മാർഗ്ഗങ്ങളുടെയും നടപടികളുടെയും ഉപയോഗത്തെപ്പററി സർക്കാരിനെ ഉപദേശിക്കുകയും , ഈ നിയമത്തിലും ചട്ടത്തിലും ആവശ്യമായ മാററങ്ങൾ നിർദ്ദേശിക്കുകയും, സ്ത്രീപ്രജയെ ഗർഭത്തിൽ കൊല്ലുന്നതും ലിംഗനിർണ്ണയത്തിന് ഗർഭപരിശോധന നടത്തുകയും ചെയ്യുന്ന നടപടിക്കെതിരെ ജനങ്ങളെ ബോധവാൻമാരാക്കുകയും, ഗർഭപരിശോധനയിൽ ഉൾപ്പെട്ടിരിക്കുന്നവർക്ക് നടപടി ചട്ടങ്ങൾ ഉണ്ടാക്കുകയും ഈ നിയമത്തിൽ നിശ്ചയിക്കപ്പെട്ട മററു കാര്യങ്ങളും ചെയ്യുന്നു.

17-ാം വകുപ്പു പ്രകാരം ഗർഭ പരിശോധന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനും, സസ്പെൻറ് ചെയ്യുന്നതിനും, റദ്ദുചെയ്യുന്നതിനും, ഇത്തരം സ്ഥാപനങ്ങളിൽ നിശ്ചിത നിലവാരം പുലർത്തുന്നതിനും, അവർക്കെതിരെയുള്ള പരാതികൾ അന്വേഷിച്ചും നടപടിയെടുക്കുന്നതിനും മററുമായി കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരിനും Appropriate Authority-നിർദ്ദിഷ്ട അധികാരികളെ നിയമിക്കാവുന്നതാണ്. ലിംഗ നിർണ്ണയം ഗർഭത്തിൽ നടത്തുന്നതിനുള്ള പരസ്യങ്ങൾ പാടില്ല. ടി കുററത്തിന് 3കൊല്ലം വരെ തടവും 10000/–രൂപവരെ പിഴയും ശിക്ഷനൽകാം. ഈ കുററകൃത്യങ്ങൾ പോലീസു നേരിട്ട് അന്വേഷിച്ച് കോടതി ഉത്തരവുകൂടാതെ തന്നെ പ്രതിയെ അറസ്റ്റ് ചെയ്യാവുന്നവയും ജാമ്യമില്ലാത്തവയും, രാജിയാക്കാൻ പാടില്ലാത്തവയുമാണ്. നിയുക്ത അധികാരികളുടെപരാതിയിൽ കോടതി നടപടിയെടുക്കുന്നു. മെട്രോപോളിററൻ മജിസ്ട്രേററാ, 1 ജൂഡി:മജിസ്ട്രേററാ കോടതിയിലും കുറഞ്ഞ കോടതി ഈ കുററങ്ങൾ വിചാരണചെയ്യാൻ പാടില്ല.

## Indeecnt Reprensentation of Woman Prohibition Act

## മ്ലേച്ഛമായ (വഷളായ സ്ത്രീ പ്രദർശന നിരോധന നിയമം)-1986.

മാധ്യമങ്ങളും മററു സ്ത്രീയുടെ നഗ്നത പൂർണ്ണമായോ ഭാഗികമായോ പ്രദർശിപ്പിച്ച് മാന്യത കെടുത്തി ചൂഷണം ചെയ്യുന്നത് തടയുന്നതാണ് ഈ നിയമം മററുള്ളവരെ അസന്മാർഗ്ഗികതയിലേക്ക് നയിക്കുന്ന വിധം സ്ത്രീയുടെ നഗ്നത ഏതെങ്കിലും രൂപത്തിൽ ഭാഗികമായോ പൂർണ്ണമായോ പ്രദർശിപ്പിക്കുന്നത് നിരോധിക്കുന്നു. 4-ാം വകുപ്പ് പ്രകാരം അത്തരം നഗ്നത പ്രദർശിപ്പിച്ചുള്ള പരസ്യമോ ബുക്കുകളോ, ലഘുലേഖയോ, എഴുത്തോ, ഫിലിമോ, പടമോ, വരയോ, ഛായപണിയോ എന്തായാലും അവ ഉണ്ടാക്കാനോ ഉണ്ടാക്കിക്കാനോ, അടിക്കാനോ,വാടകക്കു കൊടുക്കാനോ, വിതരണംചെയ്യാനോ പോസ്റ്റ്വഴി അയക്കാനോ, പാടില്ല. എന്നാൽ ടി സംഗതികൾ ശാസ്ത്രം, കലാ സാഹിത്യം എന്നി കാരണങ്ങളാൽ പൊതുനന്മക്ക് ആവശ്യമായവയെ



ങ്കിൽ നിരോധിക്കുന്നില്ല, മതപരമായ ഉദ്ദേശ്യങ്ങൾക്ക് വേണ്ടിയോ പുരാവസ്തുശേഖരത്തിൽ പ്പെട്ടതെങ്കിലോ, അമ്പലങ്ങളിലും പ്രദക്ഷിണ രഥങ്ങളിലും മററുമുള്ളവയെങ്കിലോ നിഷിദ്ധമല്ല. 5-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് തൻെറ അധികാര പരിധിയിലുള്ള ഏതെങ്കിലും സ്ഥലത്തു ടി കുററകൃത്യങ്ങൾ നടക്കുന്നുണ്ടെന്ന് ബോദ്ധ്യമായാൽ അവിടെ ചെന്ന് പരിശോധിച്ചു അത്തരം പ്രദർശന വസ്തുക്കളും പരസ്യങ്ങളും മററും പിടിച്ചെടുത്ത് പരിശോധിക്കാം. എന്നാൽ ഒരു സ്വകാര്യവീട് വാറണ്ട് കൂടാതെ പരിശോധിക്കാൻ പാടില്ല. അപ്രകാരം പിടിച്ചെടുക്കുമ്പോൾ ടി വസ്തുകൾക്ക് കേടുവരുത്താൻ പാടില്ല. പിടിച്ചെടുത്ത വിവരം അടുത്ത മജിസ്ട്രേററിനെ അറിയിക്കണം. 6-ാം വകുപ്പു പ്രകാരം മുൻവിവരിച്ച കുററങ്ങൾക്ക് ആദ്യ തവണ 2 കൊല്ലം വരെ തടവും 2000/–രൂപ പിഴയും ശിക്ഷ നൽകുന്നു. ആവർത്തിച്ചാൽ 6മാസം മുതൽ 5വർഷം വരെ തടവും 10000/– രൂപ മുതൽ 15000/–രൂപ വരെ പിഴയുമാകുന്നു ശിക്ഷ. 7-ാം വകുപ്പനുസരിച്ച് ടി കുററങ്ങൾ കമ്പനികൾ ചെയ്താൽ ഉത്തരവാദിപ്പെട്ടവരും, സഹകരിച്ചവരും ശിക്ഷിക്കപ്പെടും. 8-ാം വകുപ്പു പ്രകാരം ഈ കുററങ്ങൾ കോടതി ഉത്തരവില്ലാതെ അന്വേഷണം ചെയ്യാവുന്നവയും ജാമ്യം നൽകാവുന്നവയുമാണ്.

## Human Rights Commission Act

## മനുഷ്യാവകാശ കമ്മീഷൻ നിയമം 1993

ദേശീയതലത്തിൽ കേന്ദ്രസർക്കാർ ഒരു ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്ഥാപിച്ചിട്ടുണ്ട്. ഭരണഘടനയിലും മററുനിയമങ്ങളിലും നമ്മുടെ രാഷ്ട്രത്തിൽ ഒരു മനുഷ്യന് ലഭിച്ചിട്ടുള്ള അവകാശങ്ങൾക്ക് ഹാനിസംഭവിക്കയോ, ലംഘനമുണ്ടാവുകയോ, കയ്യേററം നടക്കുകയോ ചെയ്താൽ അവ അന്വേഷിച്ച് തീരുമാനമെടുക്കുന്നതിനും അവസംരക്ഷിക്കാൻ വിവിധ നടപടികൾ സ്വീകരിക്കുന്നതിനും നിയമ നിർമ്മാണത്തിൽ സർക്കാരിനെ ഇക്കാര്യത്തിൽ ഉപദേശിക്കുന്നതിനും മററുമാണ് ഈകമ്മീഷൻനിലവിൽ വന്നത്. സ്ത്രീ അവകാശങ്ങളും സംരക്ഷണവും, ആനുകൂല്യങ്ങളും മനുഷ്യാവകാശങ്ങളാണ്. സ്ത്രീഅവകാശങ്ങളും സംരക്ഷണങ്ങളും നിഷേധിക്കുന്നതും ധ്വംസിക്കുന്നതും, അവർക്കെതിരെയുള്ള കുററകൃത്യങ്ങളും, പീഡനങ്ങളും ചൂഷണവും മനുഷ്യാവകാശപ്ര

ശ്നങ്ങൾ തന്നെയാണ്. സ്ത്രീയുടെ വിവിധ അവകാശസംരക്ഷണയ്ക്കും അക്രമനിവാരണത്തിനും ഇവിടെയും പരാതി നൽകി കമ്മീഷന്റെ സേവനവും ഉപയോഗപ്പെടുത്താം.

## The National Commission For women Act 1990

## ദേശീയ സ്ത്രീ കമ്മീഷൻ നിയമം

ഭരണഘടനയിലും മററ് നിയമങ്ങളിലും സ്ത്രീകൾക്ക് നൽകിയിരിക്കുന്ന സംരക്ഷണങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച് എല്ലാ കാര്യങ്ങളും അന്വേഷിക്കുന്നതിനും പരിശോധിക്കുന്നതിനും ടി സംരക്ഷണങ്ങളെ സംബന്ധിച്ച് കേന്ദ്ര സർക്കാരിന് വർഷത്തിലൊരിക്കലും മററ് അവശ്യസന്ദർഭങ്ങളിലും റിപ്പോർട്ട് ചെയ്യുന്നതിനും ടി സംരക്ഷണങ്ങൾ ഫലവത്തായി നടപ്പാക്കുന്നതിനും സ്ത്രീയുടെ അവസ്ഥ ഉയർത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ കേന്ദ്രസംസ്ഥാനസർക്കാരുകൾക്ക് നൽകുന്നതിനും, നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് ആവശ്യമായമാററങ്ങൾ വരുത്തുന്നതിനും ന്യൂനതപരിഹരിക്കുന്നതിനും നിർദ്ദേശിക്കുകയും, സ്ത്രീയുടെ അവകാശലംഘനങ്ങൾക്കു നിർദ്ദിഷ്ടഅധികാരികൾ മുമ്പാകെ നടപടി സ്വീകരിക്കുന്നതിനും, സ്ത്രീ അവകാശ നിഷേധം സ്ത്രീ സംരക്ഷണ സമത്വനിഷേധം, സ്ത്രീ ക്ഷേമ പദ്ധതികളും മററും നടപ്പാക്കാത്തതുസംബന്ധിച്ചും പരാതി ലഭിച്ചാൽ അത് പരിശോധിക്കുന്നതിനും, സ്ത്രീകൾക്കെതിരെയുള്ള വിവേചനവും ക്രൂരതയും സംബന്ധിച്ചും മററ് പ്രശ്നങ്ങളെ പററിയും അന്വേഷണം നടത്തുന്നതിനും, സ്ത്രീ പുരോഗതിയെ തടയുന്നകാരണങ്ങൾ കണ്ടെത്തി അവർക്ക് എല്ലാ തലത്തിലും അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി ഗവേഷണം നടത്തുന്നതിനും, സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പുരോഗതിക്കുള്ള ആസൂത്രണ പദ്ധതികളിൽ പങ്കുകൊണ്ട് ഉപദേശം നൽകുന്നതിനും, സർക്കാർ സ്ത്രീ ക്ഷേമ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനും, സ്ത്രീകളെ പാർപ്പിച്ചിരിക്കുന്ന ജയിൽ, സ്ത്രീ സ്ഥാപനങ്ങൾ ഇവ സന്ദർശിച്ചു ദുരിതനിവാരണത്തിന് പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും, ബഹുഭൂരിപക്ഷം സ്ത്രീകളെ ബാധിക്കുന്ന വ്യവഹാരങ്ങൾ കണ്ടെത്തുന്നതിനും, സ്ത്രീവിഷയങ്ങളെ സംബന്ധിച്ചും അവരുടെവിഷമതകളെ സംബന്ധിച്ചും കാലാകാലങ്ങളിൽ സർക്കാരിന് റിപ്പോർട്ട് നൽകുന്ന



തിനും മററുമായി ദേശീയ സ്ത്രീ കമ്മീഷൻ കേന്ദ്രസർക്കാർ സ്ഥാപിക്കാൻ ഈ നിയമം നിഷ്കർഷിക്കുന്നു. ഈ കമ്മീഷന്റെ ചെയർമാൻ കേന്ദ്രസർക്കാർനിയമിക്കുന്ന സ്ത്രീ ക്ഷേമത്തിനായി നിലകൊള്ളുന്ന ആളായിരിക്കും. മററ് 5 അംഗങ്ങളെ സർക്കാർതന്നെ-നിയമത്തിലും നിയമനിർമ്മാണത്തിലും പ്രാവീണ്യമുള്ളവർ, തൊഴിലാളി സംഘടനകൾ, തൊഴിൽശാലനടത്തിപ്പുകാർ, സാമൂഹ്യസേവകർ, സ്ത്രീസംഘടനകൾ ഇവരിൽനിന്നും നിയമിക്കുന്നു. ഇതിൽ ഒരാളെങ്കിലും പട്ടികജാതി-വർഗ്ഗത്തിൽ പ്പെട്ടവരായിരിക്കണം. കമ്മീഷന് ഒരു മെമ്പർ സെക്രട്ടറി ഉണ്ടായിരിക്കും.

ഈ കമ്മീഷന് സിവിൽ നടപടി ക്രമത്തിൽ പ്രസ്താവിക്കുന്ന കേസ് വിചാരണക്ക് ആവശ്യമായ എല്ലാ അധികാരങ്ങളും പരാതി അന്വേഷണത്തിൽ ഉണ്ടായിരിക്കും. പ്രത്യേകമായി സാക്ഷികളെ മുമ്പാകെ വരുത്തി സത്യം ചെയ്യിച്ച് വിസ്തരിക്കാനും, പ്രമാണങ്ങളും മററും മുമ്പാകെ വരുത്തുന്നതിനും, സത്യവാങ്മൂലം വഴിതെളിച്ച്സ്വീകരിക്കുന്നതിനും, സാക്ഷിവിസ്താരത്തിനും പ്രമാണ പരിശോധനക്കും കമ്മീഷൻ നിയമിക്കുന്നതിനും മററതുപോലുള്ള നിർദ്ദിഷ്ട അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

## Family Corts Act- 1984

## (കുടുംബ കോടതി നിയമം)

കുടുംബ ഭദ്രത സംരക്ഷിക്കുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കും ആശ്വാസവും സംരക്ഷണവും നൽകുന്നതിനും ലക്ഷ്യമിട്ട് സ്ഥാപിക്കപ്പെട്ടിട്ടുള്ള പ്രത്യേക കോടതികളാണ് കുടുംബ കോടതി. സംസ്ഥാന സർക്കാർ ഹൈക്കോടതിയുമായി ആലോചിച്ച് ഓരോ ജില്ലയിലോ, നഗരത്തിലോ 10ലക്ഷം കൂടുതൽ ജനങ്ങളുള്ള പട്ടണത്തിലോ, ഓരോ കുടുംബ കോടതി സ്ഥാപിക്കേണ്ടതാണ്. ജില്ലാ ജഡ്ജിയായിരുന്ന ആളോ അതിന യോഗ്യതയുള്ള ആളോആയിരിക്കും ഈ കോടതിയിലെ ജഡ്ജി. കുടുംബ കോടതി കൗൺസിലേഴ്സ് അല്ലെങ്കിൽ ഉപദേശകർ ഈ കോടതിയുടെ സവിശേഷതകളാണ് കക്ഷികൾ തമ്മിലുള്ള തർക്കങ്ങളും സങ്കടങ്ങളും പരാതികളും കേട്ട് പറഞ്ഞു തീർത്ത് ഇരുകൂട്ടരെയും യോജിപ്പിച്ച് കുടുംബഭദ്രതയും കുട്ടികളുടെ സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് ഇവർ ആരംഭത്തിലെ പരിശ്രമിക്കുന്നു. കൂടാതെ കുടുംബ

കോടതി ജഡ്ജിയും എല്ലാ ഘട്ടങ്ങളിലും കേസുകൾ രമ്യതയിൽ തീർക്കാൻ പരിശ്രമിച്ച്കൊണ്ടിരിക്കും. ലളിതമായ നടപടി ക്രമങ്ങളിലൂടെ എത്രയും പെട്ടെന്ന് —ഏറിയാൽ 6മാസം കൊണ്ട് കേസ് തീർക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. വലിയ സാമ്പത്തിക ഭാരം ഇല്ലാതെ നിസ്സാര ഹർജി ഫീസു നൽകി അഭിഭാഷകരുടെ സഹായവും ഇല്ലാതെകുറഞ്ഞ ചിലവിൽ കേസ് നേരിട്ട് നടത്താം. ഇനി അഥവാ സങ്കീർണ്ണങ്ങളായ നിയമ പ്രശ്നങ്ങൾ ഉള്ള കേസാണെന്ന് വന്നാൽ അഭിഭാഷകനെ നിയമിക്കാനും അനുവദിക്കുന്നു. സാമ്പത്തികം ഇല്ലാതെ അഭിഭാഷകരെ നിയമിക്കാൻ പററാത്ത കക്ഷികൾക്ക് കാരണം കാണിച്ച് അപേക്ഷിച്ചാൽ കോടതി തന്നെ സർക്കാർ ചിലവിൽ അഭിഭാഷകരെ നിയമിച്ചു കൊടുക്കുന്നതാണ്. ഈ കോടതി പലതരം കേസുകൾ തീരുമാനിക്കുമ്പോൾ ടി സംഗതികൾ മുമ്പു തീരുമാനിക്കാൻ അധികാരമുണ്ടായിരുന്നു അതാതു കോടതിയുടെ അധികാരങ്ങൾ തന്നെ ഉണ്ടായിരിക്കുന്നതാണ്. അപ്രകാരം ജില്ലാ കോടതിയുടേയും, സബ്ബ്-കോടതിയുടെയും മുൻസിഫ് കോടതിയുടെയും. 1ജുഡിഷ്യൻ മജിസ്ട്രേററ് കോടതിയുടേയും അധികാരങ്ങൾ ഈ കോടതിക്കുണ്ട്.

ഈ നിയമം 7-ാം വകുപ്പു പ്രകാരം ഈ കോടതിക്ക്വിവാഹ മോചനം, നിയമപ്രകാരം അകന്നു ജീവിക്കാൻ, വിവാഹം അസാധുവാണെന്ന് പ്രഖ്യാപിക്കാൻ, വിവാഹ ബന്ധം പുനഃസ്ഥാപിക്കാൻ, വിവാഹം സാധുവാണെന്നൊ, വിവാഹാവസ്ഥ സ്ഥാപിച്ചു കിട്ടാനോ വിവാഹത്തിലെ 2 കക്ഷികളുടെയോ ഒരാളുടെയോ വസ്തുവിനെ സംബന്ധിച്ച തർക്കങ്ങൾ വൈവാഹിക ബന്ധം മൂലം വേണ്ടിവരുന്ന ഇൻജംഗ്ഷൻ മുതലായ ഉത്തരവുകൾക്കുള്ള കേസ് നിയമ സന്തതിയെന്ന് പ്രഖ്യാപിച്ചു കിട്ടുന്നതിന്, ചിലവിനുള്ളകേസുകൾ ഒരു മൈനറുടെകസ്ററഡിയെസംബന്ധിച്ചോ രക്ഷാകർത്തൃത്വത്തെ സംബന്ധിച്ചോ, സഹവാസത്തെസംബന്ധിച്ച നടപടികൾ ഇവ തീരുമാനിക്കാൻ അധികാരമുണ്ട്. കേരളത്തിൽ ഈ കോടതികൾ സ്ഥാപിച്ചിട്ടുള്ള ജില്ലകളിൽ മേൽവിവരിച്ച കേസുകൾ മററു കോടതികൾ തീരുമാനിക്കാൻ പാടില്ല. ക്രി: ന: നി; 125-ാം വകുപ്പു പ്രകാരം ചിലവിന്യായം തീരുമാനിക്കുമ്പോൾ ടി നിയമമനുസരിച്ചുള്ള എല്ലാ അധികാരങ്ങളും, മററു വ്യക്തിനിയമപ്രകാരമുള്ള ചിലവിനന്യായ വസ്തുതർക്കം അവകാശപ്രഖ്യാപനം ഇൻജംഗ്ഷൻ മുതലായവ തീരുമാനിക്കുമ്പോൾ മുൻസിഫ് സബ്ബ്-കോടതി



കളുടെ അധികാരവും, മററു കാര്യങ്ങൾക്ക് ജില്ലാകോടതിയുടെ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്. രഹസ്യവിചാരണ വേണ്ടിവരുന്ന കേസുകളിൽ അതുലഭ്യമാണ്. സിവിൽ നടപടി നിയമവും ഇൻഡ്യൻതെളിവു നിയമവും ഈ നടപടികൾക്ക് ബാധകമാണ്. ടി വിധിയിൽ നിന്നുമുള്ള അപ്പീലും റിവിഷനും ഹൈക്കോടതിയിൽ ആണ് ഫയൽ ചെയ്യേണ്ടത്. 1984ലെ ഈ നിയമം നമ്മുടെ സംസ്ഥാനസർക്കാർ ഗസററ് വിജ്ഞാപനം വഴി 1992 ജൂണിലാണ് നടപ്പിലാക്കിയതു.

## വിവിധ വൈവാഹിക നിയമങ്ങളും നിവൃത്തികളും

ശൈശവ വിവാഹനിരോധന നിയമം (1929), സ്പെഷ്യൽ വിവാഹനിയമം (1954), ഇൻഡ്യൻ ക്രിസ്ത്യൻ വിവാഹനിയമം (1872), ഹിന്ദു വിവാഹനിയമം (1955), വിദേശവിവാഹനിയമം (1969), ഇൻഡ്യൻ വിവാഹ മോചനനിയമം 1869, വിവാഹ മോചനത്തിൽ മുസ്ലീംസ്ത്രീ അവകാശ സംരക്ഷണനിയമം 1986 എന്നിവ അവയിൽ പ്രധാനപ്പെട്ടതാണ്.

ശൈശവനിരോധന നിയമപ്രകാരം 18 വയസ്സിനുമുകളിൽ 21 വയസ്സിന് താഴെയുള്ള യുവാവു ശൈശവവിവാഹത്തിൽ ഏർപ്പെട്ടാൽ 15 ദിവസം വരെ തടവും 1000/- വരെ പിഴയും നൽകും. 21 വയസ്സിന് മുകളിലുള്ള പുരുഷൻ ശൈശവ വിവാഹത്തിൽ ഉൾപ്പെട്ടാൽ 3 മാസം വരെ തടവും പിഴയും ശിക്ഷ ശൈശവവിവാഹം നടത്തികൊടുക്കുന്നവർക്ക് 3 മാസം വരെ തടവും പിഴയും ശിക്ഷ. മൈനർമാരെ വിവാഹം കഴിച്ചുകൊടുക്കുന്ന രക്ഷാകർത്താക്കൾക്കും മാതാപിതാക്കൾക്കും അതേ ശിക്ഷ തന്നെ എന്നാൽ സ്ത്രീകളെ ഈ കുററത്തിന് തടവിൽ ആക്കാൻ പാടില്ല, കോടതി ഉത്തരവില്ലാതെതന്നെ ഈ കേസുകൾ അന്വേഷിച്ച് പ്രതിയെ അറസ്ററ്ചെയ്യാവുന്നതാണ്. 1 ജുഡിഷ്യൽ മജിസ്ട്രേററിന് ഈ കുററകൃത്യം വിചാരണചെയ്യാം. എന്നാൽ നടപടികൾ വിവാഹത്തിന് ഒരു കൊല്ലത്തിനുള്ളിൽ എടുത്തിരിക്കണം. എന്തെങ്കിലും ശൈശവവിവാഹത്തെപ്പററി അറിവു കിട്ടിയാൽ കോടതിക്ക് നിരോധന കല്പന മൂലം അത് തട

ധമാവുന്നതാണ്. ടി കല്പന ലംഘിച്ചാൽ 3 മാസം വരെ തടവും 1000/-രൂപ വരെ പിഴയും ശിക്ഷ. ആണിന് 21 വയസ്സ് വരെയും പെണ്ണിന് 18 വയസ്സുവരെയും ഈ നിയമപ്രകാരം ശൈശവ കാലമായി കണക്കാക്കുന്നു.

ക്രിസ്ത്യൻ വിവാഹ നിയമ പ്രകാരം വിവാഹിതരാവുന്നവർക്ക് വൈവാഹിക തർക്കങ്ങൾക്കും നിവൃത്തികൾക്കും ഇൻഡ്യൻ വിവാഹ മോചനനിയമ പ്രകാരമാണ് നടപടികൾ സ്വീകരിക്കേണ്ടത്. വിവാഹത്തിന് ശേഷം ഭർത്താവ് ക്രിസ്ത്യൻ മതം ഉപേക്ഷിച്ച് മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ചാലോ, വ്യഭിചാരം ചെയ്യുന്നവനെങ്കിലോ, 2-ാം വിവാഹം കഴിച്ചാലോ, മറ്റൊരു വിവാഹിതയായ ഭർത്താവുള്ള സ്ത്രീയെ വിവാഹം കഴിച്ചാലോ, ബലാൽ സംഗം, പ്രകൃതി വിരുദ്ധസംഗം, മൃഗസംഗം എന്നീ ക്രിമിനൽ കുറ്റങ്ങളിൽ ഉൾപ്പെട്ടാലോ ക്രൂരമായി പെരുമാറിയാലോ, 2 കൊല്ലത്തിൽ കൂടുതൽ അകന്ന് ജീവിച്ചാലോ, ഭാര്യയ്ക്ക് ഭർത്താവിനെതിരെ വിവാഹ മോചനത്തിനായി ഹൈക്കോടതിയിലോ ജില്ലാ കോടതിയിലോ-ഇപ്പോൾ കുടുംബ കോടതിയിലോ ഹരജി കൊടുക്കാം. വ്യഭിചാരിയെയും കൂട്ടുപ്രതിയാക്കണം. ഇരുകക്ഷികളും തമ്മിൽ രഹസ്യധാരണയില്ലാതെയാണ് ഹരജി കൊടുക്കുന്നതെന്ന് വ്യക്തമായി എഴുതണം. ടി ഹരജി മതിയായ കാരണങ്ങളിൻമേൽ അനുവദിക്കാം. അപ്രകാരം ഡിക്രിയായാൽ-6 മാസം അപ്പീൽ കാലാവധി കഴിയുന്നതോടെ ഹൈക്കോർട്ട് ഡിക്രിയാണെങ്കിൽ-പ്രാബല്യത്തിൽ വരുന്നു. ജില്ലാ കോർട്ടോ ഫാമിലി കോർട്ടോ ഡിക്രി പാസാക്കിയാൽ അത് കൺഫർമേഷന് ഹൈക്കോടതിയിൽ പരിഗണിച്ച് ശരിവെക്കേണ്ടതുണ്ട്. വിവാഹം അസാധുവായി പ്രഖ്യാപിക്കാൻ ഭാര്യക്ക് ഹരജി കൊടുക്കാം. ഭർത്താവു വിവാഹ സമയത്തും കേസു കൊടുക്കുമ്പോഴും ഷണ്ഡനാണെങ്കിലോ നിരോധിത ബന്ധുത്വം കക്ഷികൾ തമ്മിൽ ഉള്ളപ്പോഴോ വിവാഹസമയം ഭർത്താവു മാനസികരോഗിയാണെങ്കിലോ വിവാഹബന്ധം നിലവിലുള്ള മുൻ ഭാര്യയുണ്ടെങ്കിലോ ജില്ലാ കോടതിയിലോ ഹൈക്കോടതിയിലോ ഹരജി കൊടുത്ത് ഡിക്രി വാങ്ങാം. ഈ ഡിക്രിയും ഹൈക്കോടതിയുടേതെങ്കിൽ അപ്പീൽ കാലാവധിയായ 6 മാസം കഴിഞ്ഞ് അപ്പീൽ ഇല്ലെങ്കിൽ പ്രാബല്യത്തിൽ വരുന്നു. ജില്ലാ കോടതിയുടെയോ ഫാമിലി കോടതിയുടേയോ വിധി ഹൈക്കോടതിയിൽ 6 മാസം കഴിയുമ്പോൾ സ്ഥിരപ്പെടുത്തി കിട്ടേണ്ടതാണ്. ടി വിവാഹ



ത്തിലെ കുട്ടികൾ നിയമ സന്തതികളാണ്. നിയമപ്രകാരം അകന്നു ജീവിക്കുവാനും വ്യഭിചാരം, ക്രൂരത, 2 കൊല്ലം ഉപേക്ഷിച്ചു താമസം എന്നീ കാരണങ്ങളാൽ ഭാര്യക്ക് ഹരജി കൊടുക്കാം. ഉപേക്ഷിക്കപ്പെട്ട ഭാര്യക്ക് സ്വന്തം വസ്തുവകകൾ സംരക്ഷിച്ചു കിട്ടുന്നതിന് അവകാശമുണ്ട്.

കൂടാതെ വിവാഹബന്ധം പുനഃസ്ഥാപിച്ച് കിട്ടുവാനും ഭാര്യക്ക് അവകാശമുണ്ട്. മതിയായ കാരണങ്ങളാലല്ലാതെ ഭർത്താവ് അകന്നു താമസിക്കുന്നപക്ഷം. കേസ് നടത്തുന്നതിനായിട്ട് താല്കാലിക ചിലവിന് കിട്ടുന്നതിനും, വിവാഹമോചനം കക്ഷികൾ നേടിയാലോ അകന്നു താമസിക്കുന്നതിനുള്ള ഉത്തരവ് ഭാര്യ സമ്പാദിച്ചാലോ സ്ഥിരമായി ചിലവിന് കിട്ടുന്നതിനും ഭാര്യയ്ക്ക് അവകാശമുണ്ട്. ഭർത്താവിന്റെ ആദായവും ഭാര്യയുടെ ജീവിതനിലവാരവും അനുസരിച്ചുള്ള തുക ഭാര്യക്ക് കിട്ടുന്നതാണ്. കുട്ടികളുടെ കസ്റ്റഡിയെ സംബന്ധിച്ചോ രക്ഷാകർത്തൃത്വത്തെ സംബന്ധിച്ചോ ഉത്തരവുണ്ടാകാം. ടി ഡിക്രികൾ സ്ഥിരപ്പെട്ടുകിട്ടിക്കഴിഞ്ഞാൽ പിന്നെ ടി വിവാഹകക്ഷികൾക്ക് പുനർവിവാഹം ചെയ്യാം

ഹിന്ദുവിവാഹ നിയമമനുസരിച്ച് വിവാഹിതരാകുന്ന ഭാര്യമാർക്ക്- മതിയായ കാരണമില്ലാതെ അകന്ന് ജീവിക്കുന്ന ഭർത്താവിനെതിരെ വിവാഹബന്ധം പുനഃസ്ഥാപിച്ചുകിട്ടാൻ ജില്ലാ കോടതിയിൽ- ഫാമിലികോർട്ടിൽ ഹരജികൊടുക്കാം. ഭർത്താവ് മറ്റു സ്ത്രീകളുമായി ലൈംഗികവേഴ്ച നടത്തിയാലോ, ക്രൂരമായി പെരുമാറിയാലോ 2 കൊല്ലമോ കൂടുതലോ ഭാര്യയെ ഉപേക്ഷിച്ചുപോയാലോ, ഹിന്ദുമതം മാറി മറ്റു മതം സ്വീകരിച്ചാലോ, ചികിത്സിതമല്ലാത്ത മാനസിക രോഗമുണ്ടെങ്കിലോ, കഠിനമായ ക്ഷയരോഗം, പകരുന്ന രൂപത്തിലുള്ള ഗുഹ്യരോഗങ്ങൾ ഇവയുണ്ടെങ്കിലോ, സന്യാസം സ്വീകരിച്ചാലോ, 7 വർഷത്തിൽ കൂടുതൽ കാണാതായാലോ ഭാര്യക്ക് വിവാഹമോചനം നേടാം. മാറികഴിയുന്നസമയത്ത് ശാരീരികബന്ധം ഉണ്ടായിരിക്കരുത്. ഇതേ കാരണങ്ങളാൽ തന്നെ അകന്ന് താമസിക്കാൻ ഡിക്രി വാങ്ങാം. വിവാഹമോചനം ഒരു കൊല്ലം കഴിഞ്ഞേ കൊടുക്കാവൂ. ഇരുകക്ഷികളും 1 കൊല്ലത്തിൽ കൂടുതൽ അകന്ന് താമസിക്കുകയും, ഒരുമിച്ചു താമസിക്കാൻ അവർക്ക് കഴിയാതെവരികയും വിവാഹമോചനം വേണമെന്ന് ഇരുകൂട്ടരും സമ്മതിക്കുകയും ചെയ്താൽ ഇരുകൂട്ടർക്കും ഒരുമിച്ചുചേർന്ന് കൂട്ടഹരജി നൽകാം. ടി ഹ

രജി 6 മാസത്തിനുശേഷം 18 മാസത്തിനുള്ളിൽ തീരുമാനിക്കേണ്ടതാണ്. ഭർത്താവിൻെറ ഷണ്ഡത്വംകൊണ്ട് ശാരീരികബന്ധം ഇല്ലാതിരുന്നാലോ, വിവാഹസമയം ടിയാൻ മാനസികരോഗിയായിരുന്നാലോ, വിവാഹസമ്മതം ചതികരമായോ ബലംപ്രയോഗിച്ചോ വാങ്ങിയാലോ വിവാഹം അസാധുവാക്കിയെടുക്കാം. എന്നാൽ മുൻ വിവാഹം നിലനില്ക്കുന്നെങ്കിലോ, ടിയാൻ നിരോധിതബന്ധത്തിലുള്ളവനാണെങ്കിലോ സപ്പിന്താർ ആയിവന്നാലോ വിവാഹം സ്വയമേ അസാധുവാണ്. വിവാഹമോചന ഡിക്രി-അപ്പീൽ കാലാവധികഴിയുന്ന മുറക്കോ അപ്പീൽ തള്ളുന്ന മുറക്കോ പ്രാബല്യത്തിൽ വരുന്നതും കക്ഷികൾക്ക് വീണ്ടും വിവാഹം കഴിക്കാവുന്നതുമാണ്. കേസ് നടക്കുന്ന സമയം ഭാര്യക്ക് താല്ക്കാലിക ചിലവിനു കിട്ടുന്നതിനും കേസു കഴിഞ്ഞാൽ സ്ഥിരം ചിലവിനു കിട്ടുന്നതിനും അവകാശമുണ്ട്. കുട്ടികളുടെ കസ്റ്റഡിയും ഈ കോടതിതീരുമാനിക്കുന്നു.

സ്പെഷ്യൽ വിവാഹനിയമപ്രകാരം പ്രായപൂർത്തിയായ പുരുഷനും സ്ത്രീക്കും സമുദായാചാരപ്രകാരമല്ലാതെ വിവാഹം റജിസ്റ്റർ ചെയ്യാം. ഒരു മാസത്തെ നോട്ടീസ് കൊടുക്കണം. ടി വിവാഹത്തിലെ കക്ഷികൾക്ക് വ്യക്തി നിയമങ്ങൾ.ബാധകമല്ല. വൈവാഹികനിവൃത്തികൾ ഈ നിയമത്തിൽ തന്നെയുണ്ട്. വിവാഹകക്ഷികൾ മുൻ വിവാഹം കഴിച്ച് ഭാര്യയോ ഭർത്താവോ ജീവിച്ചിരിപ്പുള്ളവരായിരിക്കരുത്. പുരുഷന് 21 വയസ്സും സ്ത്രീക്ക് 18 വയസ്സും തികഞ്ഞിരിക്കണം, മാനസികരോഗിയായിരിക്കരുത്. നിരോധിതബന്ധമുള്ളവരായിരിക്കരുത്. നോട്ടീസ് കൊടുത്ത് തർക്കങ്ങൾ ഒന്നും ഇല്ലാത്തപക്ഷം ഒരു തീയതി നിശ്ചയിച്ച് 3 സാക്ഷികളുടെയും വിവാഹരജിസ്ട്രാറുടേയും മുമ്പാകെ പരസ്പരം ഭാര്യാഭർത്താവായി സത്യം ചൊല്ലി സ്വീകരിച്ച് കക്ഷികളും സാക്ഷികളും വിവാഹരജിസ്റ്ററിൽ ഒപ്പ് വച്ചാൽ നിയമസാധുതയുള്ള വിവാഹമായി. അതുപോലെതന്നെ വ്യക്തി നിയമങ്ങൾ അനുസരിച്ച് നടത്തിയ വിവാഹവും ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥയുണ്ട് എന്നാൽ ഉടനടി വിവാഹം രജിസ്റ്റർ ചെയ്യാൻ നിയമസാധുതയില്ല. ഈ കക്ഷികൾക്ക് യാതൊരു വൈവാഹിക അവകാശങ്ങളും സിദ്ധിക്കുന്നതല്ല ഇതിലെ കുട്ടികൾ ജാരസന്തതികളാണ്.



ഈ വിവാഹ കക്ഷികൾ ന്യായമായ കാരണമില്ലാതെ അകന്ന് താമസിക്കുമ്പോൾ വിവാഹ ബന്ധം പുനഃസ്ഥാപിക്കുന്നതിന് ഹരജി കൊടുക്കാം. വിവാഹശേഷം ഭർത്താവ് വ്യഭിചാരം ചെയ്യുകയോ, 3 കൊല്ലത്തിൽ കൂടുതൽ അകന്നു താമസിക്കുകയോ. ഇൻഡ്യൻ ശിക്ഷാനിയമമനുസരിച്ച് 7ഓ കൂടുതലോ, വർഷത്തടവു ശിക്ഷ വാങ്ങി 3കൊല്ലമെങ്കിലും തടവ് അനുഭവിക്കുകയോ' ക്രൂരമായി പെരുമാറുകയോ,3കൊല്ലത്തിൽകൂടുതൽ മാനസിക രോഗിയായിരിക്കുകയോ, 3കൊല്ലത്തിൽ ഗുഹ്യരോഗിയായിരിക്കയോ, 3 കൊല്ലം കുഷ്ഠരോഗിയായിരിക്കയോ' 7കൊല്ലം ജീവിച്ചിരിപ്പുണ്ടെന്ന് അറിയാതിരിക്കുകയോ, ബലാൽ സംഗം, പ്രകൃതി വിരുദ്ധ സംഗം മൃഗസംഗം, എന്നീ ദോഷങ്ങൾ ഉണ്ടായിരിക്കുകയോ, ചെയ്താൽ വിവാഹ മോചനം നേടാം. ഇതേ കാരണങ്ങളാൽ തന്നെ അകന്നു താമസിക്കാൻ വിധിയും നേടാം. ഹിന്ദു നിയമം പോലെ ഇതിനും കക്ഷികളുടെ ഉഭയസമ്മതം മൂലം കൂട്ടായ ഹരജി കൊടുത്ത് വിവാഹമോചനം നേടാവുന്നതാണ്. വിവാഹംകഴിഞ്ഞ് 3 കൊല്ലം കഴിയാതെ വിവാഹമോചന ഹരജി കൊടുക്കാൻ പാടില്ല. കേസു നടക്കുമ്പോൾ താല്ക്കാലിക ചിലവിന് കിട്ടുവാനും കേസു തീരുമ്പോൾ സ്ഥിരം ചിലവിന് കിട്ടുവാനും ഭാര്യക്കു അവകാശമുണ്ട്. കൂടാതെ കുട്ടികളുടെ രക്ഷാകർതൃത്വവും അവകാശപ്പെടാം സാധുവായ വിവാഹത്തിനുള്ള നിബന്ധനകൾ പാലിക്കാതെ വിവാഹം നടത്തിയാൽ വിവാഹ സമയത്തും ഹർജിസമയത്തും ഭർത്താവ് ഷണ്ഡനാണെങ്കിലോ' വിവാഹം സ്വയമേ അസാധുവാണെന്ന് പ്രഖ്യാപിച്ചു കിട്ടാൻ ഭാര്യക്ക് അവകാശമുണ്ട്. ഭർത്താവിൻെറ മനഃപൂർവ്വമായ ഉപേക്ഷ കൊണ്ട് ശാരീരിക ബന്ധം ഉണ്ടാകാതിരുന്നാലോ, ചതിച്ചും നിർബന്ധിച്ചും വിവാഹാനുമതിവാങ്ങിയാലോ ഭാര്യക്ക് ടി വിവാഹം അസാധുവാക്കാൻ ഹരജി നൽകാവുന്നതാണ്

മുസ്ലീം മതപ്രകാരം വിവാഹം നടന്ന സ്ത്രീകളെ മൊഴിചൊല്ലി ഉപേക്ഷിച്ച് വിവാഹമോചനം നടത്താൻ പുരുഷന് സാധിക്കുന്നതിനാൽ വൈവാഹിക സുസ്ഥിരത ഈ സ്ത്രീകൾക്ക് നഷ്ടമാകുന്നു. മുസ്ലീം വിവാഹമോചന നിയമം(1939) അനുസരിച്ച് ഭർത്താവിനെപ്പററി 4 കൊല്ലം കേട്ടുകേൾവി ഇല്ലെങ്കിൽ, 2 കൊല്ലം ചിലവിന് അന്വേഷിക്കുന്നില്ലെങ്കിൽ, 7 കൊല്ലമോ കൂടുതലോ ടിയാൻ തടവുശിക്ഷക്ക് വിധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ 3 കൊല്ലം ടിയാൻ തൻെറ വൈവാഹിക കടമകൾ നിർവ്വഹിക്കുന്നില്ലെങ്കിൽ വിവാഹ'

സംയമത്തും തുടർന്നും ഷണ്ഡനാണെങ്കിൽ, 2കൊല്ലം മാനസികരോഗിയാണെങ്കിലോ, കുഷ്ഠം, ഗുഹ്യരോഗം ഇവയുണ്ടെങ്കിലോ, 15 വയസ്സിന് മുമ്പ് രക്ഷാകർത്താക്കൾ നടത്തികൊടുത്ത വിവാഹം സ്ത്രീ 18 വയസ്സിന് ശേഷം നിരസിക്കുകയാണെങ്കിൽ, പീഡിപ്പിക്കുകയാണെങ്കിൽ, വ്യഭിചാരം ചെയ്യുന്നെങ്കിൽ, അസന്മാർഗ്ഗിക ജീവിതം നയിക്കാൻ സ്ത്രീയെ നിർബന്ധിച്ചാൽ, മതാചാരപ്രകാരം ജീവിക്കുന്നത് തടഞ്ഞാൽ, അവരുടെ വസ്തു നശിപ്പിക്കുകയോ ടി അവകാശങ്ങൾ നിഷേധിക്കുകയോ ചെയ്താൽ ഒന്നിൽ കൂടുതൽ ഭാര്യമാരുള്ള ഭർത്താവ് അസമത്വമായി പെരുമാറിയാൽ മുസ്ലീം സ്ത്രീക്ക് വിവാഹമോചനം നേടാം. മുസ്ലീം നിയമത്തിൽ വിവാഹം നിലനില്ക്കുന്നസമയം ഭർത്താവിനെ അനുസരിക്കുകയും ശാരീരിക ബന്ധത്തിന് ഭാര്യ സമ്മതിക്കുകയും, ടി ബന്ധത്തിനുള്ള ആരോഗ്യമുണ്ടായിരിക്കയും ചെയ്താൽ ഭർത്താവിൽ നിന്നു ചിലവിന് വാങ്ങാം. എന്നാൽ വിവാഹമോചനശേഷം ഈ ദത്ത് കാലയളവിൽ മാത്രമേ മുസ്ലീം സ്ത്രീക്ക് ചിലവിന് കിട്ടൂ. ഇത് ഗർഭിണികൾക്ക് പ്രസവംവരേയും അല്ലാത്തവർക്ക് 4മാസം 10ദിവസവുമായിരിക്കും. ഈ കാലയളവു കഴിഞ്ഞാൽ ക്രിമിനൽ നടപടി നിയമ പ്രകാരവും ചിലവിന് കിട്ടുന്നതല്ല. എന്നാൽ തൽസമയം മഹർ വിവാഹ നഷ്ടം വാങ്ങിയ സ്വത്ത് തിരികെ കിട്ടുവാൻ ഭാര്യക്ക് അവകാശമുള്ളത് ഒരു വലിയ ആശ്വാസമാണ്.

വിദേശ വിവാഹനിയമം (1964) പ്രകാരം ഏതെങ്കിലും ഒരുകക്ഷി വിദേശിയാകുന്ന പക്ഷം സ്പെഷ്യൽവിവാഹത്തിന്റെനിബന്ധനകളിൻമേൽ 30ദിവസത്തെ നോട്ടീസ് നൽകി നിയുക്ത വിവാഹ ഓഫീസർ മുമ്പാകെ വിദേശത്തു വച്ച് നടത്താവുന്നതാണ്. ഇവിടേയും 3സാക്ഷികൾ വേണം. കക്ഷികളും സാക്ഷികളും വിവാഹ പ്രഖ്യാപനം ഒപ്പിട്ട് അത് ഓഫീസറും കൗണ്ടർ ഒപ്പിട്ട് വിവാഹ രജിസ്റ്ററും അപ്രകാരം ഒപ്പിട്ടു കഴിഞ്ഞാൽ വിവാഹം പൂർത്തിയായി. സ്പെഷ്യൽ വിവാഹ നിയമ പ്രകാരമാണ് ഈ വിവാഹ കക്ഷികൾ വൈവാഹിക നിവൃത്തികൾ തേടേണ്ടത്.

സ്ത്രീകളെ സംബന്ധിക്കുന്ന സ്വത്തവകാശ നിയമം, പിന്തുടർച്ചാവകാശം മുതലായവ ഇനിയും സൂചിപ്പിക്കേണ്ടതുണ്ട്. എന്നാൽ വിസ്താര ഭയത്താൽ ഇവിടെ ചേർക്കാൻ സാധിക്കാത്തത് ക്ഷമിക്കുമല്ലോ.



സ്ത്രീകൾക്ക് ഇനിയും സംരക്ഷണ നിയമങ്ങൾ ചിലരംഗങ്ങളിൽ ആവശ്യമാണെങ്കിലും ഉള്ള അവകാശങ്ങളും സംരക്ഷണങ്ങളും, ആനുകൂല്യങ്ങളും, അനുഭവിക്കാൻ സ്ത്രീകൾക്ക് സാധിക്കുന്നില്ല അനുഭവിക്കാൻ അവർ തയ്യാറായിട്ടുമില്ല. സ്ത്രീക്ഷേമക്കാരുടെ ശബ്ദം നാം കൂടെക്കൂടെ കേൾക്കുന്നുണ്ടെങ്കിൽപോലും അവ തക്കഫലം പ്രധാനം ചെയ്യുന്നില്ല. നാം നമ്മുടെ സ്ത്രീകളെ ഉദ്ധരിക്കണമെന്ന ലക്ഷ്യം വച്ച് അവർക്ക് ആദ്യമെ നിയമബോധനം നൽകേണ്ടത് ആവശ്യമായിരിക്കുന്നു. എങ്കിൽ മാത്രമെ നമ്മുടെ രാജ്യത്തു ലഭ്യമായിട്ടുള്ള അവകാശങ്ങൾ എന്തെന്നറിഞ്ഞു അവർക്ക് അനുഭവിക്കാൻ സാധിക്കൂ. മാത്രവുമല്ല കുറ്റങ്ങളിൽ നിന്നും അകന്ന് ശിക്ഷിക്കപ്പെടാതിരിക്കേണ്ടതിനും നിയമപഠനം ആവശ്യമാണ്. പ്രതികരണശേഷി ആർജ്ജിക്കുന്നതിനും നിയമബാലപാഠം കൂടിയേ തീരൂ. ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുന്നതിനും അത് ആവശ്യമായിരിക്കുന്നു. മാത്രവുമല്ല എല്ലാ തലത്തിലും നാം ശക്തിയാർജ്ജിക്കണം. സാമ്പത്തിക ഭദ്രതയിന്റെ അടിസ്ഥാനതത്വമാണ്, സ്വന്തംകാലിൽ പരാശ്രയം കൂടാതെനിന്ന് സംഘടിച്ചുപ്രവർത്തിച്ചാൽ മാത്രമെ ഇത് സാധ്യമാകൂ. ഓഫീസുജോലികൾ നേടാൻ പറ്റാത്തവർ സ്വന്തം പരിതഃസ്ഥിതിയിൽ സാധ്യമാകുന്ന വിവിധ സ്വയംതൊഴിൽ കണ്ടുപിടിച്ചേ പറ്റൂ. ചെയ്തേ പറ്റൂ. ആഡംബരഭ്രമം കുറച്ചാലെ നിയന്ത്രിച്ചും ഉപേക്ഷിച്ചും സമ്പാദ്യശീലം ഉണ്ടാകണം. വിവാഹസമയം വിലപേശാതിരിപ്പാൻ നമ്മുടെ പെൺകുട്ടികൾ പ്രാപ്തരായിരിക്കണം. സ്ത്രീകൾക്കെതിരെയുള്ള സാമൂഹ്യദ്രോഹം, ചൂഷണം, നീചത്വം ഇവ തീർത്തും തകർക്കണം. സമയം പാഴാക്കാതെ പ്രവർത്തിച്ചാൽ വരുംകാലങ്ങളിലും സ്വാതന്ത്ര്യവായുലഭ്യമാകും. നാം അതിന് ശക്തരാണ്. മനസ്സുവയ്ക്കണമെന്ന് മാത്രം.

Digitized by Thomas John Palekkudy for and on behalf of NILA Educational & Entrepreneurial Services Pvt. Ltd.

Thomas John Palekkudy